അദ്ധ്യായം -2

# പ്രത്യയശാസ്ത്രാഭിമുഖ്യങ്ങൾ വയലാർക്കവിതകളിൽ

ഒരു എഴുത്തുകാരന്റെ സൃഷ്ടിക്കു പിന്നിൽ പ്രവർത്തിക്കുന്നത് അയാളുടെ കഴിഞ്ഞകാലജീവിതവും സമകാലികജീവിതവും സ്വപ്നങ്ങളുമാകുന്നു. വ്യക്തിപരമായ അനുഭവങ്ങളും കാലഘട്ടത്തിന്റെ ആവശ്യങ്ങളും സമന്വയിക്കുമ്പോഴാണ് പുതിയ കാഴ്ചപ്പാടുകൾ കവിയിൽ ഉരുത്തിരിയുന്നത്. മനുഷ്യമനസ്സിൽ മാറ്റങ്ങൾ വരുത്താൻ സാഹചര്യങ്ങൾക്കും കഴിവുണ്ടല്ലോ. ആയതിനാൽ വയലാറിന്റെ ജീവിതസാഹചര്യങ്ങൾ, അനുഭവങ്ങൾ, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്ര അഭിമുഖത്തിനു പ്രേരകമായ സംഗതികൾ തുടങ്ങിയവ ഇവിടെ പഠനത്തിനു വിധേയമാക്കുന്നു.

**<u>വയലാർ - കവിയും വ്യക്തിയും.</u>**

ആലുവയ്ക്കു വടക്കുള്ള വെള്ളാരപ്പള്ളിയിലെ കളപ്പാട്ടുമഠത്തിൽ കേരളവർമ്മയുടെയും, വയലാർ രാഘവപ്പറമ്പു കോവിലകത്തെ അംബാലികത്തമ്പുരാട്ടിയുടെയും പുത്രനായി 1928 മാർച്ച് 25 ന് വയലാർ രാമവർമ്മ ജനിച്ചു. പിതാവ് തിരുവിഴക്ഷേത്രത്തിലെ കഴകക്കാരനായിരുന്നു. പുത്രന് മൂന്നു വയസ്സ് ആയപ്പോൾ പിതാവു മരിച്ചു. [x] അച്ഛന്റെ മരണത്തോടെ വയലാറിന്റെ ഏകാവലംബം അമ്മ മാത്രമായി. അമ്മ തന്റെ എല്ലാമായിരുന്നുവെന്ന് കവി നിരവധി തവണ രേഖപ്പെടുത്തിയിട്ടുണ്ട്.

അമ്മാവന്റെ ശിക്ഷണത്തിലായിരുന്ന കവിയ്ക്ക് പലപ്പോഴും കാരണവരുടെ സുഗ്രീവാജ്ഞയുടെ കയ്പുനീർ കുടിക്കേണ്ടി വന്നിട്ടുണ്ട്. ആദ്യമൊക്കെ ആജ്ഞകൾ ശിരസ്സാ വഹിച്ചുകൊണ്ടും പിന്നീട് അവഗണിച്ചുകൊണ്ടും കുട്ടൻ - അതായിരുന്നു വയലാറിന്റെ ഓമനപ്പേര് - മുന്നോട്ടു നീങ്ങി. ഫിഫ്ത്തു ഫോറം വരെ പഠിക്കാനേ കുട്ടനു കഴിഞ്ഞുള്ളു. പക്ഷേ, അതിനു മുമ്പു തന്നെ ഒറ്റശ്ലോകങ്ങൾ രചിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. അക്കൊല്ലത്തെ സ്ക്കൂൾ വാർഷികാഘോഷങ്ങളോടനുബന്ധിച്ചു നടത്തിയ കവിതാമത്സരത്തിൽ പങ്കെടുത്ത രാമവർമ്മയ്ക്കു രണ്ടാം സ്ഥാനം ലഭിച്ചു. 'കോളുകൊണ്ട വേമ്പനാട്ടു കായൽ' എന്നായിരുന്നു കവിതയുടെ പേര്. പിന്നീടത് കെ.പി. തയ്യിലിന്റെ 'സ്വരാട്' വാരികയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടുതലെഴുതാനുള്ള ആത്മവിശ്വാസം 'സ്വരാട്' രാമവർമ്മയ്ക്കു നൽകി.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാതെ വീട്ടിൽ വെറുതെ നിന്ന കുട്ടനെ ഏറ്റുമാനൂരിൽസംവത്സരഭജനമിരുത്താൻ അമ്മ തീരുമാനിച്ചു. അത് കവി

---

x *'ആത്മാവിൽ ഒരു ചിത' എന്ന കവിത വയലാർ തന്റെ പിതാവിന്റെ മരണരംഗം ഭാവനയിൽ കണ്ടുകൊണ്ട് പില്ക്കാലത്തു രചിച്ചതാണ്.*

യുടെ ഭാഗ്യോദയമായിരുന്നുമെന്നുവേണം കരുതാൻ. ക്ഷേത്രത്തിനടുത്തുള്ള ഒരു മൂസ്സതിന്റെ മനയ്ക്കാലായിരുന്നു കുട്ടനു താമസം തരപ്പെടുത്തിയിരുന്നത്. സംക്രാന്തിതോറും ഏറ്റുമാനൂരമ്പലത്തിൽ കുളിച്ചുതൊഴാൻ വരുന്ന വടക്കുംകൂർ രാജരാജവർമ്മ വിശ്രമത്തിനെത്തിയിരുന്നത് അതേ മനയിൽ തന്നെയായിരുന്നു. വെളുത്തു മെലിഞ്ഞ കുട്ടനെ അദ്ദേഹത്തിനു നന്നേ പിടിച്ചു. കുട്ടന് സംസ്കൃതമറിയുമെന്നും കവിതാവാസനയുണ്ടെന്നും അറിഞ്ഞപ്പോൾ വടക്കുംകൂർ ആഹ്ലാദഭരിതനായി. വടക്കുംകൂറെത്തുമ്പോൾ അദ്ദേഹത്തെ സ്ഥിരമായി സന്ദർശിക്കാറുള്ള കെ.പി. നാരായണ പിഷാരടി, കാരൂർ എന്നിവർക്ക് അദ്ദേഹം രാമവർമ്മയെ പരിചയപ്പെടുത്തി കൊടുത്തു. നാരായണ പിഷാരടിയുടെ മേൽനോട്ടത്തിലുള്ള 'ചക്രവാളം' വാരികയിൽ കുട്ടന്റെ 'ശുക്രനക്ഷത്രം' എന്ന കവിത പ്രസിദ്ധീകരിക്കുവാൻ അത് സഹായകമായി.[x] തുടർന്ന് കവിത ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകളുടെ പ്രവാഹം തന്നെയായിരുന്നു.

1949 ലെ പുന്നപ്ര വയലാർസമരം കവിക്കു വളരെയേറെ പ്രചോദകമായി. 'വെടിയുണ്ടകൾക്കു നേരെ മനുഷ്യന്റെ ആദർശബോധപ്രേരിതമായ ഇച്ഛാശക്തി നടത്തിയ പോരാട്ടം ആ കാലഘട്ടത്തിന്റെ ആത്മാവിൽ അഗ്നിവീര്യം കലർത്തുകതന്നെ ചെയ്തു. ആ ആത്മീയകാലാവസ്ഥയിലാണ് രാമവർമ്മയുടെ കവിത ദാർഢ്യം നേടിയത്. ഒരു ജീവിതദർശനം സ്വാംശീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ രചന നടത്താനുള്ള കഴിവിനാണ് ഇവിടെ 'ദാർഢ്യം' എന്ന പ്രയോഗത്തിലൂടെ ഞാൻ ഊന്നൽ നൽകുന്നത്. അപ്രകാരം ഒരു കാലാവസ്ഥയുടെ സ്വാധീനശക്തി ഉണ്ടായിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ കവിതകൾ ചിത്തചാഞ്ചല്യത്തിന്റെ വിഷാദസ്പർശമുള്ളവയാകുമായിരുന്നു എന്നാണെനിക്കു തോന്നിയിട്ടുള്ളത് '[1]. രാമവർമ്മയുടെ വ്യക്തിത്വരൂപീകരണത്തിൽ പുന്നപ്ര വയലാർ സമരം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നത് ഏറെക്കുറെ വ്യക്തമാണ്. ചങ്ങമ്പുഴക്കളരിയിൽ അഭ്യാസം തുടങ്ങിയ കവിക്ക് അതിന്റെ അതിർവരമ്പുകൾ ഭേദിച്ചുമുന്നേറാൻ കഴിഞ്ഞതിന്റെ പിന്നിൽ ഈ സംഭവത്തിന്റെ സ്വാധീനം കണ്ടെത്താൻ കഴിയും. ഈ കാലഘട്ടമായപ്പോഴേക്കും വയലാർ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവുമായി സമരസപ്പെട്ടുകഴിഞ്ഞു.

---

*x വയലാറിന്റെ 'ശുക്രനക്ഷത്ര'ത്തെ രക്തനക്ഷത്രമെന്ന് കമ്മ്യൂണിസ്റ്റ് നേതാക്കൾ വിശേഷിപ്പിച്ചു.*

*1. എം.കെ. സാനു, (അവതാരികയിൽ നിന്ന്) വയലാർ - ഋതുഭേദങ്ങൾക്കു വർണ്ണം പകർന്ന കവി. - ചന്ദ്രികാ ശങ്കരനാരായണൻ - കവിയുടെ ജീവിതചരിത്രസംബന്ധിയായ വിവരങ്ങൾ ടി.പുസ്തകത്തിൽ നിന്നും സ്വീകരിച്ചിട്ടുള്ളവയാണ്.*

ഒരു സമകാലികകവിയുടെ വിഷാദത്തെ പരിഹസിച്ചുകൊണ്ട് വയലാർ കൗമുദിവാരികയിൽ എഴുതിയതിനെക്കുറിച്ച് ഒരു സൗഹൃദസംഭാഷണത്തിൽ ഇങ്ങനെ പറഞ്ഞതായി എം.കെ. സാനു രേഖപ്പെടുത്തുന്നു : ''മനുഷ്യരെ വിമോചിപ്പിക്കാൻ വേണ്ടി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനം പുരോഗതിയുടെ വീഥി സൃഷ്ടിച്ചുകൊണ്ട് നീങ്ങുന്നു. ആ വീഥിയിൽ പ്രതിബന്ധം സൃഷ്ടിക്കുന്ന വിഷാദഗാനങ്ങളുടെ നേർക്ക് സഹിഷ്ണുത കാട്ടാൻ പാടില്ല [2]''. യാഥാസ്ഥിതികത്വത്തിന്നെതിരായ ആത്മരോഷമാണ് പുരോഗമനക്കാരനായ കവിയുടെ ഈ വാക്കുകളിൽ തെളിഞ്ഞുകാണുന്നത്. സ്നേഹം തളിർക്കുന്നതിനു പ്രതിബന്ധമായി നിൽക്കുന്ന എന്തിന്റെയും നേർക്ക് ആക്രമണം നടത്തേണ്ടതാണെന്ന് വയലാർ ഇതിനകം തീരുമാനിച്ചുകഴിഞ്ഞു. വെടിവെയ്പു നടന്ന പ്രദേശങ്ങൾ ചുറ്റിക്കാണുവാൻ വന്ന കെ. ബാലകൃഷ്ണനേയും പൊൻകുന്നം വർക്കിയേയും തികച്ചും യാദൃച്ഛികമായാണ് പരിചയപ്പെട്ടതെങ്കിലും സാഹിത്യരംഗത്തെ ഉല്ക്കർഷത്തിന് അതും വയലാറിനു സഹായകമായി.

പഠനമവസാനിപ്പിച്ച രാമവർമ്മ ജീവിതവൃത്തിക്കായി പല മാർഗ്ഗങ്ങൾ സ്വീകരിക്കുകയുണ്ടായി. കവിതാരചന പറ്റിയ മാർഗ്ഗമല്ലെന്നു കണ്ട വയലാർ ചെറുകഥാരചനയ്ക്ക് ഒരുമ്പെട്ടുവെങ്കിലും അവിടെയും ഉറച്ചുനിന്നില്ല. നാടകനടനാകാമെന്നൊരു തോന്നലുണ്ടായപ്പോൾ കുറേ നാടകങ്ങളിലഭിനയിച്ചു ജനശ്രദ്ധ പിടിച്ചുപറ്റി. അപ്പോഴാണ് അഭിനയത്തോടൊപ്പം, നാടകരചന കൂടി ആകാമെന്നു തീരുമാനിച്ചത്. പക്ഷേ, നാടകരചനയും അഭിനയവുമൊന്നും അധികകാലം നീണ്ടുനിന്നില്ല. അതുവരെ എഴുതിയ കവിതകൾ 1948 ൽ 'പാദമുദ്രകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചെങ്കിലും ഗ്രന്ഥകാരനു വലിയ സാമ്പത്തികലാഭമൊന്നും കിട്ടിയില്ല. അതിനുശേഷം വയലാർ 'ജനാധിപത്യം' എന്ന പേരിൽ ഒരു വാരിക ആരംഭിച്ചെങ്കിലും പിന്നീടത് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു സമർപ്പിക്കുകയാണുണ്ടായത്.

ചേർത്തല എന്നുകേൾക്കുമ്പോൾ നിങ്ങളെ തട്ടിയുണർത്തുന്നത് വയലാറിലെ തുടുത്ത ചോരക്കുന്നുകളുടെ സ്മരണകളാവും. സ്വേച്ഛാധിപത്യത്തിന്റെ കാഹളം മുഴക്കിക്കൊണ്ട് ഈ നാട്ടുകാരുടെ മനുഷ്യാവകാശങ്ങളേയും സംസ്ക്കാരത്തേയും ചോരയിൽ മുക്കിത്താഴ്ത്തുവാൻ, നമ്മുടെ മജ്ജയിലും ജീവനിലും കൂടി അധികാരത്തിന്റെ സ്റ്റീംറോളുകളുരുട്ടി തേർവാഴ്ച നടത്തിയ ദിവാൻഭരണത്തിനെതിരായി നാട്ടുകാർ ആദ്യമായി ആയുധമെടുത്തു സമരം നടത്തിയ നാടെന്ന നിലയിൽ വയ

---

2. *എം.കെ. സാനു, - അവതാരിക*

*വയലാർ -ഋതുഭേദങ്ങൾക്കു വർണ്ണം പകർന്ന കവി. കറന്റ് ബുക്സ് -1996 - പുറം 9.*

ലാർ നമ്മുടെ സാമ്രാജ്യത്വവിരുദ്ധസമരങ്ങൾക്ക്, മുന്നണി നേതൃത്വം കൊടുത്ത ചരിത്രം നിങ്ങളിലുണർന്നുയരുന്നുണ്ടാവും. ആ ധീരരായ രക്തസാക്ഷികൾ പുതിയ തലമുറകളിൽ അർപ്പിച്ചിട്ടുള്ള ഭാരിച്ച ചുമതലകളേയും കടമകളേയും മാനിക്കുവാൻ ഞങ്ങൾക്കാഗ്രഹമുണ്ട്.' 'ജനാധിപത്യം' ആദ്യലക്കത്തിന്റെ മുഖക്കുറിപ്പായി വയലാർ എഴുതിയ ഈ വാക്കുകൾ, അദ്ദേഹത്തിൽ പുന്നപ്ര വയലാർ സമരം ചെലുത്തിയ സ്വാധീനം വ്യക്തമാക്കുന്നു.

ആദ്യം ഒരു കലാസാംസ്ക്കാരികവാരികയായി ആരംഭിച്ച ജനാധിപത്യം രണ്ടു ലക്കം കഴിഞ്ഞപ്പോൾ ആകമാനം ചുവപ്പണിയാൻ തുടങ്ങി. തൊഴിലാളി പ്രവർത്തനങ്ങളുടെയും ജയിൽവിമോചിതരായി വരുന്ന കമ്മ്യൂണിസ്റ്റുകാർക്കു ലഭിക്കുന്ന സ്വീകരണങ്ങളുടെയും വാർത്തകൾക്കായി പ്രാധാന്യം. പുന്നപ്രവയലാർ സമരത്തിനുശേഷവും ഒളിവിൽ കഴിയേണ്ടിവന്ന പാർട്ടിമെമ്പർമാരായ സാഹിത്യകാരന്മാരും നേതാക്കളും താമസിച്ചത് രാഘവപ്പറമ്പു കോവിലകത്താണ്. യുവകവിയായ വയലാറിന് ഇത് കൂടുതൽ ആവേശം നൽകി.

രാമവർമ്മയുടെ വ്യക്തിത്വരൂപവൽക്കരണത്തിൽ പാരമ്പര്യം മാത്രമല്ല, സാഹചര്യങ്ങളും സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. സമുദായത്തിന്റെ മാമൂലുകൾ തെറ്റിക്കാതെ കഴിഞ്ഞു പോന്ന ബാല്യകാലത്തു തന്നെ ശ്രീനാരായണഗുരുവിന്റെ ഒരാ(രാ)ധകനായിരുന്നു താനെന്ന് വയലാർ രേഖപ്പെടുത്തുന്നു. യേശുക്രിസ്തുവിനേയും മുഹമ്മദുനബിയേയും ശ്രീബുദ്ധനേയുമെല്ലാം വയലാർ ആരാധ്യപുരുഷന്മാരായി കണ്ടിരുന്നത് അവർ മതപ്രവാചകരായതുകൊണ്ടല്ല, പ്രത്യുത മനുഷ്യസ്നേഹികളായതുകൊണ്ടാണ്. മതപരമായ എല്ലാ ദുരാചാരങ്ങളേയും കവിതകളിലൂടെ തുറന്നുകാട്ടുന്നതിൽ പില്ക്കാലത്തു ശ്രദ്ധാലുവായിരുന്നു വയലാർ.

പെട്ടെന്നു കോപിക്കുകയും പെട്ടെന്നു മയപ്പെടുകയും ആരോടും പെട്ടെന്നിണങ്ങിച്ചേരുകയും ചെയ്യുന്ന സ്വഭാവമായിരുന്നു വയലാറിന്റേത്. മദ്യപാനം അദ്ദേഹത്തിന്റെ ദൗർബല്യമായിരുന്നു. അതുപയോഗിച്ച് കാര്യമായ മുതലെടുപ്പു പലരും നടത്തിയിട്ടുണ്ട്. വയലാർ മദ്യപാനം ആരംഭിച്ചതിനെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു:

'ബ്രാഹ്മണ്യം ഉപേക്ഷിച്ച് താൻ പുരോഗമനവാദിയും കമ്മ്യൂണിസ്റ്റുമായി എന്നു വരുത്താനാണു വയലാർ മദ്യപാനം തുടങ്ങിയത്. മകന്റെ എല്ലാ ഇഷ്ടങ്ങൾക്കും കൂട്ടുനിന്നിരുന്ന അമ്മ, മദ്യപാനത്തേയും വിലക്കാൻ തയ്യാറായില്ല. പിന്നെപ്പിന്നെ

ജോസഫ് മുണ്ടശ്ശേരിയേയും ടി. വി. തോമസ്സിനേയും പോലുള്ള മഹാരഥന്മാർ രാഘവപ്പറമ്പിലെത്തി കുട്ടനുമായി മദ്യപിക്കുന്നതു കണ്ടപ്പോൾ അമ്മ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്തു. [3]".

വായനയായിരുന്നു വയലാറിന്റെ മുഖ്യ ഹോബി. പുരാണങ്ങളും ഇതിഹാസങ്ങളും കാളിദാസനും ഭവഭൂതിയുമൊക്കെ വയലാറിൽ ഗണ്യമായ സ്വാധീനം ചെലുത്തി. മാർക്സ്, ഏംഗൽസ്, ലെനിൻ, ഗാന്ധിജി, നെഹ്റു, ടാഗോർ തുടങ്ങിയവരുടെ കൃതികളും മലയാള ഭാഷയിലെ പ്രധാനപ്പെട്ട പുസ്തകങ്ങളും വയലാറിന്റെ ഗ്രന്ഥശേഖരത്തിലുണ്ടായിരുന്നു. വയലാർ രാമവർമ്മ എന്ന കവിയെ, ഗാനരചയിതാവിനെ, ശാസ്ത്രപ്രേമിയെ, പ്രഭാഷകനെ, ഗദ്യകാരകനെ, സർവ്വോപരി മനുഷ്യസ്നേഹിയെ രൂപപ്പെടുത്തുന്നതിൽ ഇവരുടെ ഒക്കെ പങ്ക് നിസ്സീമമാണ്.

ഔപചാരിക വിദ്യാഭ്യാസം വേണ്ടത്ര സമ്പാദിക്കാൻ കഴിയാതിരുന്നതിൽ ദുഃഖിതനായിരുന്നു വയലാർ [x] . എന്നാൽ ഉന്നതവിദ്യാഭ്യാസമേഖലയെ മറ്റു പലരേക്കാളും മനോവികാസവും അറിവും സമ്പാദിക്കാൻ വയലാറിനു കഴിഞ്ഞു. സംസ്കൃതത്തിലും ഇംഗ്ലീഷിലും നല്ല അവഗാഹമുണ്ടായിരുന്ന വയലാർ, ശാസ്ത്രത്തിന്റെ വളർച്ചയിൽ സന്തോഷിക്കുകയും നേട്ടങ്ങളിൽ അഭിമാനിക്കുകയും ചെയ്തു.

**പ്രത്യയശാസ്ത്ര സ്വാധീനം**

മറ്റു പല മലയാള കവികളെയും പോലെ തികഞ്ഞ ഗാന്ധിഭക്തനായിട്ടായിരുന്നു വയലാറിന്റേയും രംഗപ്രവേശം. അദ്ദേഹത്തിന്റെ ആദ്യകവിതാസമാഹാരമായ 'പാദമുദ്രകൾ' ഇതിനു തെളിവാണ്. 'ഭാവിയെ സൃഷ്ടിക്കുന്ന സംസ്കാരപാരമ്പര്യം ഭാരതത്തിനു നേടിത്തന്ന [4]'മഹാത്മാ ഗാന്ധിയെക്കുറിച്ച് അഭിമാനപൂർവ്വം സ്മരിക്കുന്ന വയലാർ പൂർണ്ണതയുള്ള മനുഷ്യനെ കാണുന്നതും മഹാത്മാ ഗാന്ധിയിൽ മാത്രമാണ്. ഗാന്ധിയോടുള്ള ആരാധന ആദ്യഘട്ടങ്ങളിൽ പ്രകടം :-

മനുഷ്യരക്തം വാർന്നുകുടിക്കാൻ
കൈവാളുകളേന്തും
മതഭ്രമത്തിൽ പൈശാചികമാം
കൊലക്കളം തോറും.

---

3. *ചന്ദ്രികാ ശങ്കരനാരായണൻ - വയലാർ - ഋതുഭേദങ്ങൾക്ക് വർണ്ണം പകർന്ന കവി., കറന്റ് ബുക്സ് -1996, പുറം 245-246,*

x *കവി, ഗാനരചയിതാവ്, എന്നീ നിലയിൽ പ്രശസ്തിയുടെ പടവുകൾ താണ്ടിയിട്ടും ഈ ഒരു ദുഃഖം വയലാറിനുണ്ടായിരുന്നുവെന്ന് കാണാം.*

4. *ഗ്രാമഗൃഹങ്ങൾ.*

നിസർഗ്ഗ സൗഹൃദഗീഥികൾ പാടി
പര്യടനം ചെയ്യും
വിശിഷ്ട ജീവിത മംഗളഗായക !
തൊഴാം തൊഴാം ഞങ്ങൾ.
-( ജീവിത ഗായകൻ)-

നാടും നാട്ടുകാരും അവരുടെ പ്രശ്നങ്ങളുമായി മിക്കപ്പോഴും വയലാർ കവിതകൾക്ക് വിഷയം. 'ജീവിക്കാനുള്ള അവകാശത്തിനു വേണ്ടി സമരം ചെയ്ത് ആയിരങ്ങൾ ചത്തു വീഴുന്നത് നേരിൽ കണ്ട കവിയാണ് വയലാർ രാമവർമ്മ. അവരുടെ ജീവിതപ്രശ്നങ്ങളാണ് അദ്ദേഹത്തെ അലട്ടിയിരുന്നത്. അഗാധങ്ങളും അസ്ഫുടസ്ഫുരിതങ്ങളുമായ അനുഭൂതികളല്ല, സമാധാനം കാട്ടാൻ മുറവിളി കൂട്ടുന്ന സമകാല പ്രശ്നങ്ങളാണ് വയലാറിന്റെ തൂലികയ്ക്ക് വാചാലത നൽകുന്നത്. തന്റെ ഗ്രാമത്തിൽ നടന്ന സമരത്തിൽ തൊഴിലാളികൾ കാണിച്ച ധീരതയാണ് അദ്ദേഹത്തിന്റെ കാവ്യകലയുടെ ആത്മാവ് [5]''.

പുന്നപ്ര വയലാർ സമരത്തിന്റെ അനുഭവങ്ങൾ കവിയിലൊട്ടേറെ സ്വാധീനം ചെലുത്തി. മനുഷ്യസ്നേഹികളും ത്യാഗമൂർത്തികളുമായ നൂറു കണക്കിന് പാവപ്പെട്ട മനുഷ്യരുടെ ജീവിതകഥ വയലാറിനെ ഒരു 'ഹ്യൂമനിസ്റ്റാക്കി'. വയലാറും മറ്റു ചില കവികളും തങ്ങളുടെ രചനാപരമായ കഴിവുകൾ തൊഴിലാളി വർഗ്ഗത്തിന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനു വേണ്ടി സമർപ്പിക്കുവാൻ തീരുമാനിച്ചു. അദ്ധ്വാനിക്കുന്നവരും ചൂഷണത്തിനടിമപ്പെടുന്ന സാധാരണക്കാരുമാണ് വയലാർ കവിതകളിലെ കഥാപാത്രങ്ങളിൽ അധികവും . ഗാന്ധിയിൽ നിന്നും അകന്നുപോകുന്ന വയലാറിനെ ഇവിടെ കാണാം. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവുമായി ഗാഢബന്ധത്തിലായി വയലാർ. സമരാവേശം ജ്വലിക്കുന്ന കവിതകൾ ആരംഭിക്കുന്നത് ഈ ഘട്ടം മുതല്ക്കാണ്.

**<u>പാവങ്ങളുടെ പടനായകൻ</u>**

കമ്മ്യൂണിസ്റ്റു പ്രത്യയശാസ്ത്രമുൾക്കൊണ്ട വയലാറിന്റെ രചനകളിൽ തനതായ രൂപഭാവങ്ങൾ 'കൊന്തയും പൂണൂലും' മുതൽക്കാണ് ആരംഭിക്കുന്നത്. വർഗ്ഗരഹിതവും സ്നേഹാധിഷ്ഠിതവുമായ ഒരു പുതിയ സമൂഹത്തിനു വേണ്ടി ആഹ്വാനം നടത്തുന്ന വയലാർ, തന്റെ പ്രധാന കവിതകളുടെയെല്ലാം ഇതിവൃത്തമായി സാധാരണക്കാരന്റെ ജീവിതകഥ സ്വീകരിച്ചു.

---

5. *എൻ. വി. കൃഷ്ണവാര്യർ, - കൊന്തയും പൂണൂലും പ്രാരംഭമായി - വയലാർ കവിതകൾ -എൻ.ബി.എസ്. - 1984 , പുറം - 86.*

'ഞങ്ങളുടെ മുത്തശ്ശി', 'രണ്ടു പാട്ടുകൾ' , 'ഒരു തുള്ളി രക്തം','അവൾക്കു കിറുക്കല്ല', 'അരിവാൾ തലമുറകളിലൂടെ', 'രക്തം പുരണ്ട ഗാനം' തുടങ്ങിയവ ഇതിനുദാഹരണമാണ്.

ആകെ വിയർത്തു തളർന്നും, പട്ടിണി
പാകി വളർത്താൻ പണി ചെയ്തും
തോളത്തോരോ തൂമ്പയുമായ്ത്തൊഴി -
ലാളികളാവഴി പോകുമ്പോൾ
(ഞങ്ങളുടെ മുത്തശ്ശി) x

അവരുടെ ത്യാഗത്തിൻകഥ ദുഃഖത്തോടെ വിവരിക്കുന്ന 'മുത്തശ്ശി' യഥാർത്ഥത്തിൽ വയലാർ തന്നെ.

'രണ്ടു പാട്ടുകൾ' എന്ന കവിതയിൽ പാവപ്പെട്ടവന്റെ ജീവിതഗാനം ആലേഖനം ചെയ്യുന്നു.

അത്രമേലതിൻ ഭാവ -
ശുദ്ധിയലുൾച്ചേർന്നിട്ടു
ണ്ടപ്പാട്ടുകാരൻ തന്റെ
കണ്ണീരും ഹൃദ്രക്തവും
(രണ്ടു പാട്ടുകൾ) xx

പാവപ്പെട്ടവന്റെ ഹൃദയത്തിൽ നിന്നൂറിവരുന്ന ഗാനങ്ങൾക്കു മാത്രമേ ആത്മാർത്ഥതയുണ്ടാകു എന്നാണ് കവിയുടെ അഭിപ്രായം.

പട്ടിണിയും പരിവട്ടവുമായി അദ്ധ്വാനിച്ചു കഴിയുമ്പോഴും 'തമ്പ്രാന്റെ മുറ്റത്തു മാനത്തു മുട്ടെ ' നെല്ലു കുമിയുന്നതുകണ്ട് അതിരറ്റാഹ്ലാദിക്കുന്ന തൊഴിലാളിക്ക് അവസാനം ജന്മിമാരുടെ പെരുമാറ്റം കൊണ്ടനുഭവിക്കേണ്ടിവരുന്ന അവഹേളനത്തിന്റെ കഥയാണ് 'രണ്ടു തലമുറകൾ'. ഇത്തരം അനുഭവങ്ങൾ പാഠമാക്കിക്കൊണ്ടു മുന്നേറണമെന്ന് കവി വ്യംഗ്യമായി സൂചിപ്പിക്കുന്നു :-

"കാലമോതി : ജനതയ്ക്കു വേണ്ടി
തൂലികയൊരു വാളാക്കി മാറ്റൂ".........
-(നിങ്ങളോടു തന്നെ) xxx

ഇവിടെ 'ജനത' കാലദേശാതിർത്തികളില്ലാത്ത, വർഗ്ഗവർണ്ണരഹിതരായ തൊഴിലാ

---

x *വയലാർ രാമവർമ്മ - വയലാർ കൃതികൾ - ഡി.സി. ബുക്സ് -1995 - പുറം 57*

xx *ടി. പുസ്തകം - പുറം 66*

xxx *വയലാർ കൃതികൾ - ഡി.സി. ബുക്സ് - 1995 - പുറം -100*

ളികളാണ്. തൊഴിലാളി വർഗ്ഗത്തെ ചിത്രീകരിക്കുമ്പോഴെല്ലാം ഞാൻ, ഞങ്ങൾ, നമ്മൾ എന്നിങ്ങനെ ഉത്തമപുരുഷൻ നിരന്തരം പ്രയോഗിക്കുന്നു വയലാർ. മർദ്ദകവർഗ്ഗത്തെ 'നിങ്ങൾ 'എന്നു ശകാരസ്വരത്തിൽ വിളിച്ച് അധിക്ഷേപിക്കാനും കവി മറക്കുന്നില്ല:

എന്തിനിനീക്കലിതുള്ളലും വീറും ?
പിന്തിരിയുവോരല്ലല്ല ഞങ്ങൾ
ഉച്ചയൂണും കഴിഞ്ഞു വേദാന്ത -
പ്പച്ചിലകൾ ചവച്ചിറക്കുമ്പോൾ,
ഗീതയിലെ മഹാകർമ്മകാണ്ഡം
സ്വാദുപോലെ നുണഞ്ഞു നോക്കുമ്പോൾ
ഊട്ടുവാതില്ക്കലെച്ചിലിന്നായിക്കൈ-
നീട്ടുവോരെ സ്മരിക്കുമോ നിങ്ങൾ

- (നിങ്ങളോടു തന്നെ) [x]

പട്ടിണിപ്പാവങ്ങളായ, 'കയറുപിരിക്കും തൊഴിലാളികളുടെ' സമരത്തെ തുടർന്നുണ്ടായ കദനത്തിന്റെ വിവരണമാണ് 'സംസ്കാരത്തിന്റെ നാളങ്ങൾ' , സുഖമായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കും തുല്യമെന്നിരിക്കെ, അതിനുവേണ്ടി പൊരുതേണ്ടി വരുന്ന പാവപ്പെട്ടവന്റെ ദുഃഖം അതീവഹൃദ്യമായി അനുഭവപ്പെടുന്നു ഈ കവിതയിൽ. കയർത്തൊഴിലാളികളുടെ അവകാശവാദങ്ങളെ സർക്കാരും മുതലാളിമാരും അധികാരമുപയോഗിച്ചു നേരിടുന്നു. അവിടെ കൊഴിഞ്ഞു വീഴുന്ന മനുഷ്യജീവന് ആരും വില കല്പിക്കുന്നില്ല.

'നഷ്ടപ്പെട്ടു പലരും പലതും
പട്ടിണിയുടെയാ സമരത്തിൽ' [xx]

(സംസ്ക്കാരത്തിന്റെ നാളങ്ങൾ)

പാവപ്പെട്ടവന്റെ ജീവിതം നഷ്ടപ്പെടുത്തിയ സൈനികമേധാവികൾക്ക് ഒരുക്കുന്ന വിരുന്നിൽ ഫാക്ടറിയുടമ സംസാരിക്കുന്നതു കവി ഇപ്രകാരം ചിത്രീകരിക്കുന്നു.

നഷ്ടം വന്നു പലതും നമ്മുടെ
ചൊട്ടത്തയ്യിനു വെടികൊണ്ടു
പുറ്റുകൾ പോലെ പിടിക്കും നല്ലൊരു
പുത്തൻ തൈത്തല പോയല്ലോ.

- (സംസ്കാരത്തിന്റെ നാളങ്ങൾ )[xxx]

---

*x വയലാർ കൃതികൾ - പുറം 101*

*xx ടി. പുസ്തകം - പുറം - 108.*

*xxx ടി. പുസ്തകം - പുറം - 108.*

മനുഷ്യജീവനേക്കാളുപരിയായി തന്റെ സ്വത്തിനു വില കല്പിക്കുന്ന മുതലാളി വർഗ്ഗത്തിന്റെ ക്രൂരത ഇവിടെ വരച്ചു കാട്ടിയിരിക്കുന്നു.

പാടത്തു പണിയെടുത്തു വിയർപ്പൊഴുക്കുന്ന തൊഴിലാളിയുടെ ചിത്രം ആവിഷ്കരിക്കുന്ന കവിതയാണ് 'അരിവാൾ തലമുറകളിലൂടെ'. കാമക്കലിക്കോളിളക്കുന്ന നാലഞ്ചു തമ്പുരാക്കളുടെ ഇംഗിതത്തിനു വഴങ്ങാതെ വന്ന പുലപ്പെണ്ണുങ്ങൾക്കനുഭവപ്പെട്ട മർദ്ദനത്തിന്റെ കഥകൾ തൊഴിലാളികൾക്കൊരു പാഠമായി. അഭിമാനികളായ തൊഴിലാളികളുടെ ഗർജ്ജനത്തിന്റെ ശക്തി ആവേശപൂർവ്വം വിളിച്ചറിയിക്കാനും വയലാർ മറന്നിട്ടില്ല.

കാണാം നാളെയാ കൊയ്ത്തരിവാളുകൾ
കാലത്തിന്റെ കഴുത്തിലെല്ലാം
ഞെട്ടും നിങ്ങൾതൻ പട്ടണ,മപ്പൊഴി-
പൊട്ടഗ്രാമത്തിൻ ഗർജ്ജനത്തിൽ.
(അരിവാൾ തലമുറകളിലൂടെ)[x]

''ഒരു നാളും തമ്പ്രാന്റെ കാശുവാങ്ങാൻ
ചിരുതയ്ക്കു കൈ കുമ്പിളാകയില്ല
അഭിമാനം വിറ്റെന്റെ മക്കളാരും
വ്യഭിചാരസമ്പത്തു നേടിടേണ്ടാ''
-(കുടിയിറക്കൽ )[xx]

മനുഷ്യന്റെ പ്രേമവികാര പ്രകടനങ്ങളെപ്പോലും വിപ്ലവജ്വാല കീഴ്പ്പെടുത്തും എന്നു സമർത്ഥിയ്ക്കുകയാണ് 'മാറ്റങ്ങൾ എവിടെയും' 'രക്തം പുരണ്ട ഗാനം' എന്നിവയിൽ.

'വേദന തിങ്ങും സമൂഹത്തിൽ നിന്നു' വേരോടെ ചിന്തിപ്പറിച്ചെടുത്ത സ്ത്രീത്വത്തിന്റെ കഥയാണ് 'ആയിഷ' യിൽ കവി കൈകാര്യം ചെയ്യുന്നത്. മുസ്ലിം സമുദായ നീതിയിൽ വേദന പേറുന്ന സ്ത്രീത്വത്തിന്റെ പ്രതീകമാണ് 'ആയിഷ'. പുരുഷമേധാവിത്വത്തിൻ കീഴിൽ ദുരിതമനുഭവിച്ചു കഴിഞ്ഞുകൂടേണ്ടിവരുന്ന സ്ത്രീ സമൂഹത്തിന്റെ വേദന കണ്ടെത്തുന്ന കവി :-

ആ രണ്ടുമിഴികളിൽ
കണ്ടു ഞാൻ , സംസാരിക്കു
മായിരം നനവാർന്ന
കണ്ണുകൾ മനോജ്ഞങ്ങൾ
(ആയിഷ) [xxx]

---

*x വയലാർ കൃതികൾ - പുറം -112*

*xx ടി. പുസ്തകം - പുറം -525*

*xxx ടി. പുസ്തകം - പുറം -136*

സ്ത്രീധനത്തിന്റെ പേരിൽ ജീവിതം നഷ്ടപ്പെട്ട ഒരു യുവതിയുടെ കഥയാണ് 'കത്രീന'യിൽ.

സമൂഹത്തിന്റെ കഷ്ടപ്പാടുകൾ വയലാറിനെ എല്ലായ്പ്പോഴും വേദനിപ്പിച്ചിരുന്നു. പല കവിതകളിലും ഇത് ആനുഷംഗികമായി സൂചിപ്പിക്കുന്നുണ്ട്.

പുത്തരിയല്ലീ നാട്ടിൽ
മോഷണം വ്യഭിചാരം
പട്ടിണിമരണങ്ങൾ
തൊഴിലില്ലൊരുത്തനും

(ആയിഷ) [x]

വേദന കടിച്ചമർത്തിക്കഴിയേണ്ടിവരുമ്പോഴും നിശ്ചയദാർഢ്യം കൈവിടാത്തവരാണ് വയലാറിന്റെ പാവങ്ങളായ കഥാപാത്രങ്ങൾ. തങ്ങളുടെ പിൻതലമുറക്കാർ സാമൂഹികമായ അനീതികളെ ചെറുത്തുതോല്പിക്കുമെന്ന ആത്മവിശ്വാസം അവർക്കുണ്ട് :-

എന്നെ, യീത്തെരുവിന്റെ
മൂലയിലെറിഞ്ഞവർ -
ക്കൊന്നിനു, മെൻകുഞ്ഞന്നു
മാപ്പു നൽകുകയില്ല.

(ആയിഷ)[xx]

സമൂഹത്തിൽ വിഷവിത്തു വിതയ്ക്കുന്ന പകൽമാന്യന്മാരായ മർദ്ദകവർഗ്ഗത്തിന്റെ മുഖംമൂടി പിച്ചിച്ചീന്തുവാനുള്ള ശ്രമവും കവി 'ആയിഷ'യിൽ നടത്തുന്നു :-

''മാന്യത സൂക്ഷിക്കു -
മോരോ പ്രമാണിയും കുഷ്ഠം പിടിച്ചവൻ '
വെള്ളത്തൊലി മാറ്റി നിങ്ങളാ മാന്യത -
യ്ക്കുള്ളിൽ നോക്കാമോ ? പഴുത്തിരിക്കും കരൾ'' .

'കാലണ കിട്ടില്ല, തെണ്ടിയാൽ, രാത്രിയിൽ
നാലണ കിട്ടും കടക്കണ്ണെനക്കിയാൽ'

(ആയിഷ)[xxx]

പക്ഷേ, ഇതുകൊണ്ടൊന്നും തൃപ്തനാകാത്ത കവി മർദ്ദകവർഗ്ഗത്തിന്റെ പതനം കൂടി വ്യക്തമാക്കുന്നു. അതിനുശക്തി നൽകുന്നതാകട്ടെ, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും:

---

*x വയലാർ കൃതികൾ - പുറം - 142*

*xx ടി. പുസ്തകം- പുറം -147*

*xxx ടി. പുസ്തകം - പുറം -151*

''അമ്പിളിപ്പെണ്ണിനെ മൊത്തുവാൻ മാനത്ത്
പൊൻപണം തൂകിയോരെ ; - നിങ്ങടെ
കൊമ്പൻ തലപ്പാവു തട്ടിക്കളയുന്ന
ചെമ്പൻപുലരി കണ്ടോ ?''

(ആയിഷ) x

കമ്മ്യൂണിസ്റ്റുപ്രത്യയശാസ്ത്രത്തിന്റെ അന്തർധാരയായ മാനവസ്നേഹം തന്നെയാണ് വയലാറിന്റെയും മാർഗ്ഗം.

'കാലമാണവിശ്രമം പായുമെന്നശ്വം, - സ്നേഹ -
ജ്വാലയാണെന്നിൽ കാണും ചൈതന്യം സനാതനം'

(എനിക്കു മരണമില്ല)xx

കാലദേശാതിർത്തികളെ അതിലംഘിച്ചു മുന്നേറുന്ന കവിയുടെ സഹജീവിസ്നേഹം,വിശ്വമാനവസങ്കല്പത്തോളം എത്തിച്ചേരുന്നുണ്ട് :-

ഈ വിശ്വതലത്തിന്റെ കർമ്മമേഖലകളിൽ
ജീവിതം നോവുമ്പോളെന്നാത്മാവു നൊന്തീടുന്നു ✓
മാനവപ്രയത്നത്തിൻ ചുണ്ടുക, ളെങ്ങാഹ്ലാദ-
ഗാനവീചികൾ നെയ്‌വതവിടെപ്പാടുന്നു ഞാൻ.

ഏഷ്യയി, - ലാഫ്രിക്കയിൽ, യൂറോപ്പി-
ലദ്ധ്വാനത്തിൻ
ശാശ്വതവസന്തങ്ങളെങ്ങെങ്ങു വിടർന്നാലും
എന്റെ ചേതനയിലെ രക്തനാഡികൾക്കുള്ളിൽ
ചെണ്ടുകൾ, വാടാമല്ലിച്ചെണ്ടുകൾ, വിരിഞ്ഞാടും'

(എനിക്കു മരണമില്ല)x

തന്റെ ജീവിതലക്ഷ്യവും കാവ്യരംഗത്തു സാധാരണക്കാരനുവേണ്ടി താൻ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളും ഇടയ്ക്കിടെ വയലാർ ആവർത്തിക്കുന്നുണ്ട്.

..............................................ഞങ്ങൾ
പേനയും പടവാളും
ശാസ്ത്രവും പ്രേമത്തിന്റെ
ഗാനശൈലിയുമായി
സ്സഞ്ചിരിക്കുന്നൂ നിത്യം

(പ്രയാണം)xx

---

*x വയലാർ കൃതികൾ - പുറം -157*

*xx ടി. പുസ്തകം - പുറം-163*

*✓ എൻ. വി.യുടെ ആഫ്രിക്ക എന്ന കവിത നോക്കുക.*

*x വയലാർ കൃതികൾ - പുറം -164*

*xx ടി. പുസ്തകം - പുറം -202*

കേരളത്തിലും, ജന
കോടിയെസംസ്കാരത്തിൻ
ധീരനൂപുരനാദം
കേൾപ്പിച്ച കാവ്യാത്മാക്കൾ,
'മാനിഷാദകൾ പാടി
മർദ്ദക വർഗ്ഗത്തിന്റെ
മാരകശ്രമങ്ങളെ-
യെതിരിട്ടില്ലേ നീളെ
ഞാനുമാ ശബ്ദമാണേറ്റു പാടുന്ന ; - തെൻ
ഗാനങ്ങളിലു, ണ്ടതിൻ കാൽച്ചിലമ്പോലി

(മാ നിഷാദ)[x]

ഇവിടെയൊക്കെ, സാധാരണക്കാരനെ ദൂരെ മാറിനിന്ന് ഉപദേശിക്കുന്ന ഒരുവനെയല്ല, മറിച്ച് അവരിലൊരാളായി മാറുന്ന വയലാറിനെയാണ് കാണുന്നത്.

സംഘടിതതൊഴിലാളികളുടെയും അവരുടെ കഥ പറയുന്ന സാഹിത്യകാരന്മാരുടേയും അധൃഷ്യപ്രഭാവത്തെ ഒടുക്കിക്കളയാനുള്ള ശ്രമങ്ങളൊന്നും ഫലിക്കില്ലെന്നും അവർ അനുനിമിഷം വളർച്ച പ്രാപിക്കുകയാണെന്നും കവി ഓർമ്മിപ്പിക്കുന്നു:-

'മരിച്ചിട്ടില്ലാ ഞങ്ങ -
ളിന്നോള, - മൊരു നാളും
മരിക്കില്ലൊടുങ്ങാത്ത
സൃഷ്ടിശക്തികൾ ഞങ്ങൾ :

'ഞങ്ങൾ തൻ പ്രയാണത്തെ -
ത്തടയാനാവില്ലാർക്കും
ഞങ്ങളീ പ്രപഞ്ചത്തിൻ
സർഗ്ഗശക്തികളത്രേ ! '

(പ്രയാണം)[xx]

സാധാരണക്കാരന്റെ ഹൃദയഭാഷയാണു തന്റെ കവിതയിൽ ആവിഷ്കൃതമാകുന്നതെന്നും വയലാർ പറയുന്നു :-

ഒരു പരിവർത്തനയാമത്തിൻ പദമൂന്നി-
പ്പരിതഃസ്ഥിതികളോടേറ്റുമുട്ടി
നിവരുമീ ലോകത്തിൻ കരളിന്റെ ചുണ്ടിൽ നി -
ന്നുയരുന്ന ഗാനമാണെന്റെ ഗാനം

(വൈക്കം കായലിൽ ഓളം തല്ലുമ്പോൾ )[xxx]

---

*x വയലാർ കൃതികൾ - പുറം -251*

*xx ടി. പുസ്തകം - പുറം -202*

*xxx ടി. പുസ്തകം - പുറം-204*

ജന്മിവർഗ്ഗം കാത്തുസൂക്ഷിക്കുന്ന അന്ധവിശ്വാസത്തിനായി ജീവൻ ബലികൊടുക്കേണ്ടിവന്ന ഹതഭാഗ്യനായ പുലയയുവാവിന്റെ കഥയാണ് 'പശയുള്ള വരമ്പ്' . ഈ ഭൂസ്വത്തു മുഴുവൻ തൊഴിലാളി വർഗ്ഗത്തിന്റെ പ്രയത്നഫലമാണെന്ന് കവി വിശ്വസിക്കുന്നു :-

ഇവിടത്തെ വയലും വരമ്പുകളും
ഇവിടത്തെ കായ്കനിത്തോപ്പുകളും
മുഴുവനീ കർഷകജീവരക്തം
ഇഴുകിപ്പിടിച്ചവയായിരിക്കും.

(പശയുള്ള വരമ്പ്)[x]

അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗമാണ് തന്റെ തൂലികയ്ക്കു വിഷയം എന്നു കവി നിസ്സങ്കോചം പ്രസ്താവിക്കുന്നു.

തൊഴിൽ ശാലകളിൽ, പായ്ത്തറിയിൽ കയർ
 പാവിടുവോരിൽ, വയലേലകളിൽ
മഴയിൽ വെയ്‌ലിൽ മുണ്ടകഞാറുകൾ
 നട്ടുനനച്ചുവളർത്തുന്നവരിൽ
മിഴികൾ തിരുമ്മിയുണർന്നു വിടർന്ന
 കിനാവുകൾ തോറും കാണ്മൂ ഞങ്ങളൊ-
രഴകിൻമുഗ്ധ വിലാസവു -
 മുന്നതകലയുടെ മണിവീണകളും.

(മനുഷ്യനിലേയ്ക്ക്) [xx]

സവർണ്ണസമ്പന്നവിഭാഗത്തിൽ ജനിച്ചവനെങ്കിലും സമുദായത്തിന്റെ കെട്ടുപാടുകളെ പൊട്ടിച്ചെറിഞ്ഞ് സാധാരണക്കാരന്റെ വക്താവായി മാറുന്ന മനുഷ്യസ്നേഹിയെ വയലാറിൽ കാണാം. താനുൾപ്പെടുന്ന പുരോഗമനസാഹിത്യകാരന്മാരുടെയെല്ലാം ലക്ഷ്യം സാധാരണക്കാരന്റെ ഉന്നമനമാണെന്നും അവരുടെ ഘനഗംഭീരസ്വരമാണ് കവിതകളിൽ മുഴങ്ങിക്കേൾക്കേണ്ടതെന്നും കവി ആവർത്തിക്കുന്നു:-

'ഉപ്പുവിയർപ്പു കുഴച്ചേ വിത്തു
 വിതച്ചവർ, കൊയ്തവ, രൊരു നേരത്തെ
കുപ്പകഞ്ഞിക്കരിയില്ലാതെ
 വിശന്നുതളർന്നു കരഞ്ഞ കരച്ചിൽ
ചപ്പും ചവറും തിന്നു വളർന്നോ -
 രവരുടെ പിന്നാന്തലമുറയുജ്വല-

---

x വയലാർ കൃതികൾ - പുറം-221

xx ടി. പുസ്തകം- പുറം -231

വിപ്ലവഗർജ്ജനമായ് കഥ മാറ്റിയ
ശബ്ദം കേൾപ്പൂ കേരള കലയിൽ'
(മനുഷ്യനിലേക്ക്)[x]

'യൂറോപ്പിന്റെ കിഴക്കൻ നാടിൻ
മൈതാനങ്ങളിൽ നിന്നും, ചീനയിൽ
മാറാപ്പട്ടിണി തല്ലിയുടച്ചൊ-
രെല്ലിൻ കൂടു തുടിച്ചതിൽ നിന്നും
മാറിയ പരിതഃസ്ഥിതികളിലങ്ങനെ
കേരളമുയിരുൾക്കൊണ്ടു നിവർന്നു
നാറിയ ജീവിത പരിസര ബന്ധ
മിളക്കിപ്പുതിയൊരടിത്തറ പണിയാൻ'
(മനുഷ്യനിലേക്ക്) [xx]

ലോകത്തിലാകമാനമുള്ള തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ (കമ്മ്യൂണിസം) വളർച്ച, സാധാരണക്കാരന്റെ നീറുന്ന പ്രശ്നങ്ങളിലേക്കിറങ്ങിച്ചെല്ലാൻ തന്നേ പ്രേരിപ്പിച്ചു വെന്നു കവി വ്യക്തമാക്കുന്നു :-

ഇപ്രപഞ്ചത്തെ രൂപപ്പെടുത്തും
ശില്പിയാണെന്റെ സൃഷ്ടിസങ്കേതം !
വിപ്ലവത്തിൻ സനാതനസത്യം
വിശ്വമാകെ വിളംബരം ചെയ്യാൻ,
സൗഹൃദത്തിന്റെ നന്ദനോദ്യാനം
സൗരവീഥിയിൽ പോലും വിടർത്താൻ
ജീവിതപ്രേമഗാനസന്ദേശം
ഭാവിതൻ ചുണ്ടിൽ മായാതെ നിർത്താൻ
(എന്റെ ശില്പം)[xxx]

അജ്ഞരായ തൊഴിലാളികളുടെ ദുസ്ഥിതികളിൽപോലും അവനെ ഞെക്കിപ്പി ഴിയുന്ന ജന്മിത്വത്തിന്റെ ക്രൂരചിത്രമാണ് 'നാലു രൂപ പന്ത്രണ്ടണ' എന്ന കവിത യിൽ. ചൂഷണത്തിനു വിധേയരായി കഴിയേണ്ടിവരുന്ന ഒരു വലിയ വിഭാഗം ജനത യുടെ കഷ്ടനഷ്ടങ്ങളുടെ സൂക്ഷ്മമായ ചിത്രം വരച്ചുകാട്ടുന്ന കവിതയാണ് 'കുചേ ലൻ കുഞ്ഞൻനായർ'.

കള്ളൻ കടന്നുവോ 'കൃഷ്ണൻ' അല്ലെങ്കിലാ
ചെള്ളയ്ക്കു രണ്ടുകൊടുത്തേനെ ഞങ്ങളും.'
(കുചേലൻ കുഞ്ഞൻ നായർ)[xxxx]

---

*x* *വയലാർ കൃതികൾ - പുറം -229*
*xx* *ടി. പുസ്തകം - പുറം-231*
*xxx* *ടി. പുസ്തകം - പുറം-236*
*xxxx* *ടി. പുസ്തകം - പുറം-280*

എന്ന് നാട്ടുപ്രമാണിമാരെക്കൊണ്ടുപോലും അംഗീകരിപ്പിക്കാൻ പാകത്തിലാണ് കുഞ്ഞൻനായരെ കവി അവതരിപ്പിക്കുന്നത്. കുഞ്ഞൻനായർ കുടത്തണ്ടുകൊണ്ടു ശങ്കുണ്ണിമേനോന്റെ പൃഷ്ഠത്തിനേല്പിച്ച ആ അടി ഉണ്ടല്ലോ അത് അധികാരിവർഗ്ഗത്തിന്റെ കരണത്തു വയലാർ മനഃപൂർവ്വം കൊടുത്ത അടി തന്നെയാണ്. വയലാറിന്റെ ഈ അടി ചൂഷകവർഗ്ഗത്തിന്നൊരു താക്കീതായിത്തീർന്നു.

'പവിഴനെൽക്കതിരുകൾ, നീലക്കരിമ്പുകൾ
പലതുമിടതൂർന്ന പാടങ്ങൾ തോപ്പുകൾ
അവകളിൽ മെയ്ച്ചോരയുപ്പുനീരായ് മാറ്റി-
യനുപദം പണിചെയ്യും കർഷകരെ
വയലുകളും തോപ്പുകളും കയ്യടക്കുന്നവർ
വലിയവർ ജന്മിമാർ മുതലുടയോർ
വയറു നിറച്ചുണ്ണുവാൻ വകനല്കാതെപ്പൊഴും
വറുതിയിൽ നീറുന്ന കാഴ്ചകളും',

'കറകറെക്കറകറെത്തിരിയുന്നോരുടമകൾ തൻ
കരിയെണ്ണച്ചക്കുകളിൽ നീറി നീറി,
പണിയെടു,ത്തവയുടെ കൊന്തുകളായ് പിടയുന്ന
പരശ്ശതം തൊഴിലാളി സോദരരെ,
മരണത്തിൻ വായിലേക്കെറിയുവാൻ മുതലാളി-
പ്പരിഷകൾ കൊലമരക്കയർകെട്ടും കാഴ്ചകൾ,
ഉലകിന്റെ കരളിന്റെ കരൾ പറിച്ചതുകൊണ്ടു
കറിവെച്ചു നുണയുന്ന നെറികെട്ട കാഴ്ചകൾ
(ആവിവണ്ടി)[x]

നെറികെട്ട സമൂഹത്തെ ദൃശ്യാത്മകമായി ചിത്രീകരിച്ച് സാധാരണക്കാരനെ ബോധവൽക്കരിക്കലും കവിയുടെ ഉദ്ദേശ്യം ആയിരുന്നു.

'മറുനാട്ടിലെ കുഞ്ഞൻമേനോനും തങ്കമ്മയ്ക്കും' 'അവർക്കും ഓണമുണ്ടായിരുന്നു ' തുടങ്ങിയ കവിതകളിലെ പ്രമേയവും ആത്മാഭിമാനികളായ സാധാരണക്കാരുടെ ജീവിതമായിരുന്നു. ആഘോഷങ്ങളൊക്കെ മുതലാളിമാർക്കുള്ളതാണെന്നും തൊഴിലാളിക്കാസ്വദിക്കാൻ ഒരുനാളും വകയില്ലെന്നും പറയുന്ന യുവാവിനെക്കൊണ്ടു് അന്ത്യനിമിഷത്തിൽ "അധികാരം ഞങ്ങൾ പിടിച്ചു വാങ്ങും" എന്നു സധൈര്യം പറയിപ്പിക്കുന്ന കവി, ശരിക്കും തൊഴിലാളിപക്ഷക്കാരൻ മാത്രമല്ല, തികഞ്ഞ ശുഭാപ്തിവിശ്വാസി കൂടിയാണ്.

കവി പാവങ്ങളുടെ പടയിലൊരുവനാണെന്ന യാഥാർത്ഥ്യം വെളിവാക്കിത്ത

---

x *വയലാർ കൃതികൾ – പുറം –317*

രുന്ന മറ്റൊരു കവിതയാണ് 'ചോര'. സംഘടിതതൊഴിലാളികളുടെ മുന്നേറ്റത്തിൽ ഊറ്റംകൊള്ളുന്ന കവി തൊഴിലാളികളുടെ പ്രതികാരവാഞ്ഛയെ ഉയർത്തിക്കാട്ടുകയും ചെയ്യുന്നു:

കദനക്കരിനിഴ
ലല്ല കാണ്മ,തൊരുഗ്ര-
പ്രതികാരത്തിൻ ചോര-
പായുമാ മുഖങ്ങളിൽ.
(ചോര)[x]

അവരോടൊപ്പം നില്ക്കുമ്പോഴാണ് തനിക്ക് ഏറെ വീറെന്നും കവിപ്രഖ്യാപിക്കുന്നു: –

കൈമണികൊട്ടാനല്ല
കാഹളം വിളിക്കുവാൻ
കൈയിൽ ഞാനെടുത്തൊരീ
സമരായുധവുമായ്
ഇങ്ങനെ ഞാനീഗ്രാമ-
കർഷകാങ്കണങ്ങളി-
ലിന്നു നില്ക്കുമ്പോളെനി-
ക്കെന്തൊരു വീറാണെന്നോ ?
(ചോര)[x]

**വിപ്ലവാഭിമുഖ്യവും മാനവികതയും**

കവിയുടെ പരസ്പരപൂരകങ്ങളായ രണ്ട് അവസ്ഥകളാണ് വിപ്ലവാഭിമുഖ്യവും മാനവികതയും. മാനവികതയിൽ നിന്നാണ് വിപ്ലവാഭിമുഖ്യം ഉടലെടുക്കുന്നത്. സാമൂഹ്യമായ തിന്മകൾ ഉന്മൂലനംചെയ്ത് നന്മകൾ കുടിയിരുത്തേണ്ടത് മനുഷ്യസ്നേഹിയായ എഴുത്തുകാരന്റെ കർത്തവ്യമാണെന്ന് വയലാർ വിശ്വസിച്ചിരുന്നു. വ്യക്തിപരമായ അനുഭവങ്ങളുടെ തീക്ഷ്ണത അതിനു പ്രചോദനവും നല്കി.

വയലാറിന്റെ കവിപ്രതിഭയെ നിരന്തരമായി അലട്ടിയിരുന്ന പ്രശ്നം മാനവവിമോചനമായിരുന്നു. മനുഷ്യസമൂഹത്തെ പരസ്പരവിരുദ്ധങ്ങളായ രണ്ടു വിഭാഗങ്ങളായി കവി ദർശിച്ചു: മർദ്ദകനെന്നും മർദ്ദിതനെന്നും. മാനവികത കൈമുതലായുള്ള വയലാർ, 'മനുഷ്യൻ 'എന്നു പറയുമ്പോഴും മാനവസങ്കീർത്തനമാലപിക്കുമ്പോഴും മർദ്ദിതനെ മാത്രമേ മുന്നിൽ കണ്ടിരുന്നുള്ളൂ. ഈ അധഃകൃതസൃഷ്ടി സമൂഹത്തിലെ ഉപരിവർഗ്ഗത്തിന്റെ പണിയാണെന്നും അതിനെ സർവശക്തിയുമുപയോഗിച്ച് എതിർക്കേണ്ടതു തങ്ങളുടെ കടമയാണെന്നും മർദ്ദിതവർഗ്ഗത്തെ ഉദ്ബോധിപ്പിക്കു

---

*x വയലാർ കൃതികൾ – പുറം –338*

വാനായി കവിയുടെ ശ്രമം. നിലവിലുള്ള അസമത്വജടിലമായ യാഥാസ്ഥിതികചിന്തകളേയും അനാചാരങ്ങളെയും എതിർക്കുക, ചൂഷണം ഏതു രംഗത്തു കണ്ടാലും നേരിടുക, മർദ്ദകവർഗ്ഗവുമായുള്ള സമരത്തിനു സാധാരണക്കാരനെ സജ്ജരാക്കാനും കർമ്മോന്മുഖരാക്കാനും ആവേശകരമായ തൊഴിലാളിമുന്നേറ്റത്തിന്റെ കഥകൾ പറയുക, സുഖമായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കും തുല്യമാണെന്നും അതിനു പ്രതിബന്ധമായി നില്ക്കുന്നതെന്തും തകർക്കപ്പെടേണ്ടതാണെന്നുമുള്ള വിശ്വാസം സാധാരണക്കാരിലെത്തിക്കുക, അവയ്ക്കിടയിലന്തർഭവിച്ചിട്ടുള്ള മർദ്ദകശക്തികളെ മ്ലേച്ഛമായി ചിത്രീകരിക്കുക, ആത്യന്തികമായ വിജയം തൊഴിലാളിയുടേതായിരിക്കുമെന്ന് അവരെ ഉദ്ബോധിപ്പിക്കുക, തൊഴിലാളികൾ ഐക്യബോധത്തോടെ സംഘടിച്ചാൽ സമത്വപൂർണ്ണമായ സമൂഹം സംജാതമാകുമെന്ന ബോധം അവരിലുണ്ടാക്കിയെടുക്കുക, ഇവയെല്ലാമാണ് തൊഴിലാളികളെ ബോധവാന്മാരാക്കാൻ വയലാർ സ്വീകരിച്ച മാർഗ്ഗങ്ങൾ. 'വിപ്ലവത്തിന്റെ സനാതനസത്യം' ലോകമാകെ വിളംബരം ചെയ്യാനാണ് തന്റെ സർഗ്ഗശക്തിയെ ഉപയോഗിക്കുന്നതെന്ന് കവി പ്രഖ്യാപിക്കുന്നുണ്ട്. പക്ഷേ, അധികാരം പിടിച്ചെടുക്കാനുള്ള തന്ത്രമെന്നല്ല, അനീതിക്കും അക്രമത്തിന്നുമെതിരായ മുന്നേറ്റം എന്നാണ് 'വിപ്ലവ' ത്തിനു വയലാർ കൊടുക്കുന്ന അർത്ഥമെന്നു കവിതകളിൽ നിന്നു ബോദ്ധ്യമാകും. മനുഷ്യസ്നേഹിയായ വയലാർ, അതുകൊണ്ടുതന്നെ മർദ്ദകവർഗ്ഗത്തിന്റെ ഹീനശ്രമങ്ങളെ പല്ലും നഖവുമുപയോഗിച്ച് ആവുന്നത്ര എതിർത്തു. 'മർദ്ദകവർഗ്ഗത്തിന്റെ മാരകശ്രമങ്ങളെയെതിരിട്ട' പൂർവസൂരികളുടെ മാർഗ്ഗമാണു താൻ അവലംബിക്കുന്നതെന്ന് കവി ഏറ്റു പറയുന്നു :-

'ഞാനുമാ ശബ്ദമാണേറ്റു പാടുന്ന - തെൻ
ഗാനങ്ങളുലുണ്ടതിൻ കാൽച്ചിലമ്പൊലി'

(മാനിഷാദ) [x]

നോവുന്ന ആത്മാവിനെ സ്നേഹിക്കാത്ത യാതൊരു തത്വശാസ്ത്രത്തേയും താൻ സ്നേഹിക്കയില്ലെന്നും കവി ഉറക്കെ പ്രഖ്യാപിക്കുന്നു :-

സ്നേഹിക്കയില്ല ഞാൻ, നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും

(മാ നിഷാദ) [xx]

'വിശ്വസംസ്കാരവേദിയിൽ പുത്തനാമശ്വമേധം നടത്തുവാൻ തന്നെയാണ് കവിയുടെ തീരുമാനം. ആ അശ്വമേധത്തിന് ഉപയോഗിച്ച ചെമ്പൻകുതിരയാകട്ടെ, കവി

*x വയലാർ കൃതികൾ - പുറം -251*

*xx ടി. പുസ്തകം - പുറം -252*

സ്വീകരിച്ച കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവും. അതിന്റെ മുന്നേറ്റം തടയുവാൻ ആർക്കുമാവില്ലെന്ന് കവി വെല്ലുവിളിയുടെ സ്വരത്തിൽതന്നെ ആവർത്തിക്കുന്നുമുണ്ട് :-

ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗ്ഗം മുടക്കുവാൻ ?
(അശ്വമേധം)[x]

അനീതിക്കും അക്രമത്തിനും മർദ്ദകവാഴ്ചയ്ക്കുമെതിരായി രംഗത്തിറങ്ങുവാൻ ജനതയ്ക്ക് ആഹ്വാനം നൽകുന്നു കവി :-

പൊരുതുന്ന നാടിന്റെ സമരസഖാക്കളെ,
വരൂ വിപ്ലവാഭിവാദ്യങ്ങൾ
തുടരുക, ഞങ്ങൾ നിന്നോടത്തുനിന്നിനി
തുടരുകീ സ്വാതന്ത്ര്യയുദ്ധം
-(കഴുമരങ്ങളുടെ കഥ )[xx]

ആ വിലങ്ങുകൾ തട്ടി -
ത്തകർക്കാ - നവയ്ക്കൊക്കെ-
ച്ചാവറയൊരുക്കുവാൻ
പട നീക്കുക നമ്മൾ
- (വിലങ്ങുകൾ)[xxx]

മാറണം, - നമുക്കിതു
മാറ്റണം, - നാടിൻ മീതേ
മാരക രോഗാണുക്കൾ
നീങ്ങുമീ ഞെട്ടും നീക്കം !
- (ഞാൻ കൈചൂണ്ടുന്നു)[A]

വിധിപോലും ! വിധിപോലും !
വിധിയെന്നാണിതിനും പേർ
ചുണയില്ലേ പുലയി, ക്കാ
ചെകിടൊന്നു പൊട്ടിക്കാൻ
- (വിധി പോലും )[B]

---

*x* *വയലാർ കൃതികൾ - പുറം -254*

*xx* *ടി.പുസ്തകം - പുറം -191*

*xxx* *ടി. പുസ്തകം - പുറം - 235*

*A* *ടി. പുസ്തകം - പുറം -360*

*B* *ടി.പുസ്തകം - പുറം -544*

നീതിബോധം കെടുത്താതെ, കൈകോർ -
ത്തേതനീതിയും വെട്ടിയകറ്റി
പോകുക നമ്മൾ ജീവിതമൂല്യം
ത്തുവിയർപ്പിൽ കഴുകിയെടുക്കാൻ

- (പള്ളിവാഴ്ച) [C]

അന്നേ തങ്ങൾതൻ കൊയ്ത്തരിവാളിനാ-
ലങ്കം വെട്ടാൻ പരിചയിച്ചോർ
ഇന്നെന്തിനു മടിക്കണം മുന്നിലെ
കുന്നും കൊയ്തു വിളവെടുക്കാൻ

- (അരിവാൾ തലമുറകളിലൂടെ)[D]

ജീവിത്തിന്റെ രക്തപ്പശയ്ക്കായ്
നാവിളക്കുന്ന സിംഹാസനങ്ങൾ
പൊൻതലക്കെട്ടു കെട്ടി ഭരിക്കാൻ
എന്തുകൊണ്ടുമനുവദിക്കില്ല.
ഭാവി നമ്മുടേതാ,ണുയരട്ടേ
ഭാവിതൻ സമാധാന വാഗ്ദാനം

- ( ശക്തിയുടെ സൈറൺ)[x]

വർഗ്ഗവർണ്ണരഹിതമാം ജീവിത -
സ്വർഗ്ഗ, - മാ മഹാത്മാവിന്റെ പേരിലായ്
മുന്നിലേയ്ക്കൊന്നിറങ്ങുക സോദരാ
സുന്ദരമാമൊരേകലോകത്തിനായ്

- (ഗാന്ധിസ്മാരകം) [xx]

സംഘടിതതൊഴിലാളികളുടെ മുന്നേറ്റവും മുതലാളിത്തത്തിന്റെ തകർച്ചയും വരച്ചുകാട്ടി സാധാരണജനതയെ ഉദ്ബുദ്ധരാക്കാൻ കവി ശ്രമിക്കുന്നു :-

അല്ല, മകനോതി : "തങ്ങളിലിങ്ങനെ
തല്ലിയകലുന്ന വർഗ്ഗങ്ങളാണു നാം
ഒന്നു മരിക്കാൻ പിടയ്ക്കുകയാണു ; മ-
റ്റൊന്നു ജീവിക്കുകയാണു ജീവിക്കുവാൻ".

(സ്ഥാനാർത്ഥിയുടെ മകൻ)[xxx]

---

*C* *വയലാർകൃതികൾ - പുറം -560*

*D* *ടി.പുസ്തകം - പുറം -112*

*x* *ടി. പുസ്തകം - പുറം - 336*

*xx* *ടി പുസ്തകം - പുറം. - 81*

*xxx* *ടി പുസ്തകം - പുറം. -68.*

അത്രപെട്ടെന്നു കെട്ടടങ്ങില്ലിനി
കത്തുവാനായ്പുകയുമിത്തീമല
അത്രവേഗത്തിലിക്കൊടുങ്കാറ്റിന്റെ
ശബ്ദമൊന്നും ശമിക്കുകയില്ലിനി

(തീജ്വാലകൾ)[x]

അന്നു കണ്ട ചെറുമാൻ പിടകളാ-
ണിന്നു കാണുന്ന സിംഹങ്ങളത്രയും

(തീജ്വാലകൾ)[xx]

വിളഞ്ഞ നെല്പാടങ്ങൾ-
    ക്കരികിൽ കാവൽ നിന്നു
വിശന്നു തളർന്നോരാ-
    ണാച്ചെറ്റപ്പുരകളിൽ !
നാളത്തെക്കൊയ്ത്തിന്നവ-
    രരിവാൾ തേയ്ക്കും സ്വരം
നാടിന്റെ നിണഞരമ്പ-
    ത്രയും കുലുക്കുന്നു.

(ചോര)[xxx]

അവിടെങ്ങും കാണരുതേ വേദാന്തം പാടിക്കൊ-
ണ്ടരിവാളാ,ണിതു കൊണ്ടരിഞ്ഞുതള്ളും.

(ചരടുകളിക്കാർ)[xxxx]

തൊഴിലാളികളുടെ ആവേശകരമായ മുന്നേറ്റത്തിൽ ഊറ്റംകൊണ്ട് മുൻപന്തിയിൽ നില്ക്കുന്ന കവിയെയും കാണാം.

അരിവാളുകളുയരുന്നൂ കിലുകിലം കിലുകിലം,
അവയുടെ നാദമൊരവകാശഗർജ്ജനം,
അവയേന്തിയ കൈകൾ തന്നണികളിൽ നില്പുണ്ടാ-
നിവിടത്തെ കൊലമരക്കയറിറുത്തെറിയുവാൻ

(തെലുങ്കാനയിലെ അമ്മ)[xxxxx]

---

*x* — *വയലാർകൃതികൾ - പുറം. - 78*
*xx* — *ടി പുസ്തകം. പുറം. -79*
*xxx* — *ടി പുസ്തകം. പുറം. -337*
*xxxx* — *ടി പുസ്തകം. പുറം -660*
*xxxxx* — *വയലാർകൃതികൾ - പുറം - 344*

ജനകീയമുന്നേറ്റത്തിന്റെ ചിത്രം വരയ്ക്കുന്നതിൽ കവി എന്നും ആവേശം കൊണ്ടിരുന്നു.

മർദ്ദിതജനനിണസിരകളിലുയിരരുളിപ്പാറുകയായ്
മർത്ത്യതയുടെ മധുരോജ്വലമുദ്രകളാം ചെങ്കൊടികൾ !
പ്രതിഷേധയോഗങ്ങൾ, പ്രമേയങ്ങൾ നെടുനീളെ
പ്രതികാരശബ്ദങ്ങൾ, ജനതതൻ റാലികൾ !
അരിവാളുകൾ, ചുറ്റികകൾ, ചെങ്കൊടികൾ, ഗാനങ്ങൾ
ചുരുൾമുഷ്ടികൾ, മുന്നേറും ജനതതൻ റാലികൾ.

(തെലുങ്കാനയിലെ അമ്മ)[x]

തൊഴിലാളി വർഗ്ഗത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്ന മർദ്ദകവർഗ്ഗത്തിനെതിരായ പ്രസ്താവങ്ങളും ധാരാളമായി നടത്തുന്നുണ്ട് വയലാർ :-

പ്രേമിക്കാൻ, പരസ്പരം
സ്നേഹിക്കാൻ കൂട്ടാക്കാത്ത
സാമൂഹ്യഘടനതൻ
കഴുത്തിൽ ചുറ്റിക്കെട്ടാൻ,
കയർ ഞാനെടുത്തേക്കും -
മർദ്ദകർക്കൊരു കൊല-
ക്കയറായതു പുള-
ഞ്ഞലറിച്ചിരിച്ചേക്കും.

-(രമണന്റെ ശവകുടീരത്തിൽ) [xx]

അവർ പച്ചടിതിന്നാ-
റുണ്ടിന്നു, മീ നാട്ടിന്റെ -
യരുമസ്സഖാക്കൾതൻ
പ്രാണന്റെ ചാറും കൂട്ടി

- (കൊലപാതകികൾ )[xxx]

നിങ്ങൾ ഞെട്ടുന്നോ ?
ഞെട്ടും .......ഞെട്ടണം ........തകർന്നടി –
ഞ്ഞങ്ങനെ നശിക്കണം
വേട്ടനായ്ക്കളേ നിങ്ങൾ

(കൃഷിക്കാരൻ) [xxxx]

---

*x* *വയലാർ കൃതികൾ - പുറം 346*

*xx* *ടി. പുസ്തകം - പുറം. 185*

*xxx* *ടി പുസ്തകം. പുറം. 352*

*xxxx* *ടി പുസ്തകം. പുറം 570*

"പടിയറക്കാരിനി കുലവാഴ വെട്ടിയാൽ
പ്പിടലിക്കുവെട്ടും ഞാ- നിഷ്ടമാണോ ?
കുലയെല്ലാം നമ്മൾക്കും പടിയറജ്ജന്മിക്കു
കുലവാഴപ്പിണ്ടിയും - നല്ലതല്ലേ ?''

- (കൊച്ചുത്രേസ്യ) [x]

തങ്ങളുടെ സംഘടിതശക്തിയിലൂടെ സമത്വപൂർണ്ണമായ ഭാവി സംജാതമാകുമെന്ന ചിന്ത സാധാരണക്കാരനുണ്ടാക്കാനായി നല്ല നാളെയെക്കുറിച്ചുള്ള സ്വപ്നം മെനഞ്ഞെടുക്കുന്നുണ്ട് വയലാർ :-

നാടിന്നഭിനവസംസ്കാരശൈലികൾ
നേടി, ച്ചരിത്രം തിരുത്തിപ്പിടിക്കുവാൻ
വേദനിക്കുന്ന ഹൃദയങ്ങളൊന്നിച്ചു
വീഥികൾതോറും വെളിച്ചം വിതയ്ക്കവേ,
കാണുന്നു ഞാനതിൻ കൂമ്പുകൾക്കുള്ളിലൊ-
രോണം വിടർന്നു വിടർന്നുവരുന്നതായ്

- (മാ നിഷാദ) [xx]

പുലരിയിൽ പ്രാചിതൻ മഞ്ഞണിയും മലകളിൽ നി-
ന്നലയടിച്ചലയടിച്ചണയുന്ന കാറ്റുകൾ,
പുതിയൊരു സൗരഭം, - ചോരയുടെ വേർപ്പിന്റെ
പുതുമണം വീശുന്നവയായിരിക്കും !

- (ആവി വണ്ടി) [xxx]

രക്തവും മണ്ണും കൂടി കെട്ടിയുയർത്തിയോരാ-
പുത്തനാം പ്രഭാതത്തിൻ മണിമകുടം,
കാണുക, ദൂരെ നിങ്ങൾ കാണുക, കൂരിരുളിൻ
കാറുകൾ മാറി വാനിൽ ചിരിപൊഴിവൂ.

-(പൂവുകളുടെ സംഗീതം)[x]

വിരിയട്ടെ മുഗ്ധാനുരാഗഗീതം
വിടരുന്ന നാടിന്റെ ചുണ്ടുകളിൽ
പുലരട്ടെ ജീവന്റെ മുക്തിഗീതം
പുലരുന്ന നാടിന്റെ വിപഞ്ചികയിൽ

- ( രമണന്റെ ശവകുടീരത്തിൽ)[xx]

---

*x* *വയലാർ കൃതികൾ - പുറം. -589*

*xx* *ടി പുസ്തകം. -പുറം. -252*

*xxx* *ടി പുസ്തകം. -പുറം - 319*

*x* *ടി. പുസ്തകം - പുറം. 224*

*xx* *ടി പുസ്തകം. -പുറം.- 186*

മറുനാട്ടിലെ കുഞ്ഞൻ
        മേനോനും തങ്കമ്മയ്ക്കും
മഠയൻ ജോണിക്കുമാ, -
        ണൈക്യകേരളം നാളെ.

- (മറുനാട്ടിലെ കുഞ്ഞൻമേനോനും തങ്കമ്മയ്ക്കും)[x]

ജനകീയമുന്നണിയുടെ , നല്ലനാളേയ്ക്കു വേണ്ടിയുള്ള യത്നത്തിൽ പങ്കുചേരുവാൻ സമകാലികരായ മറ്റു കവികളോട് വയലാർ ആഹ്വാനം നടത്തുന്നു.

പുലരിയെച്ചെന്നു പിഴുതെറിയാ-
നലയുമീ മേചകമേഘമാല
ഇവിടെ നിന്നൊന്നായടിച്ചു മാറ്റാൻ
നീ വരുമോ നാടിന്റെ ചിത്രകാരാ ?

(ഗലീലിയോ)[xx]

അവരുടെയാശയപ്പൂമരം പൂക്കുന്ന
നവയുഗമുഗ്ധവസന്തമെത്താൻ
പുതിയ പുല്ലാങ്കുഴലൂതുകയില്ലയോ
പുതിയ സംസ്കാരപ്രവാചകരേ ?

-(വൈക്കം കായലിൽ ഓളം തല്ലുമ്പോൾ)[xxx]

ചത്തനൂറ്റാണ്ടിൻശവം സൂക്ഷിക്കാ,നതിന്നന്ത-
സ്സത്തയെസ്സംസ്കാരമായ് സിദ്ധവൽക്കരിക്കുവാൻ
ഒത്തുചേരുകവീണ്ടുമിക്കലാക്ഷേത്രത്തിന്റെ
നൃത്തവേദിയിൽ നമ്മൾ, മാറ്റൊലിക്കവികളേ

- (ഒരു മാറ്റൊലിക്കവി)[x]

നാളത്തെ വെളിച്ചത്തി-
        ന്നുയിരും ചൂടും നൽകാൻ
നാളങ്ങൾ, -തീനാളങ്ങൾ
        നെയ്തുനെയ്തടുക്കുമ്പോൾ
പേനയും പടവാളു
        മായ് വരൂ, മഹത്തായ
മാനവസംസ്കാരത്തിൻ
        പേരിലെൻ കലാകാരാ.

-( ചോര) [xx]

---

x *വയലാർകൃതികൾ - പുറം -326*

xx *ടി. പുസ്തകം -പുറം - 178*

xxx *ടി. പുസ്തകം - പുറം. -208*

x *ടി പുസ്തകം. പുറം. -304*

xx *ടി പുസ്തകം. പുറം -342*

പുലരുന്നു നാടുണരാൻ തിരവെട്ടം കാണിക്കും
പുതിയൊരു ജീവിതത്ത്വശാസ്ത്രം
മുന്നേറുക നാമിനി,- യഴിമതികളറുത്തെറിയാൻ
മുന്നേറുക, പടവാളും പേനയുമായി.

- (പേനയും പടവാളും) [x]

ഭാവിതൻ കൂടാരത്തിൽ
തീയല പടർത്തുവാൻ
ജീവനിൽക്കത്തിക്കേറും
കണ്ടകശ്ശനികളെ
നാമെതിർക്കേണം നീളെ
മനുഷ്യൻ കൈചൂണ്ടുന്ന
നാളെയെ വിടർത്തുന്ന
നാദധാരയിലൂടെ.

-(സന്ധ്യ ഒരു വേശ്യ)[xx]

എല്ലാവരും കൂട്ടായി യത്നിച്ചാൽ സമത്വസുന്ദരവും വർഗ്ഗരഹിതവുമായ ഭാവി ഉണ്ടാകുമെന്നു കവി ഉറപ്പിക്കുന്നു :-

ഒരു കാര്യം നിങ്ങളെയറിയിക്കാൻ വിട്ടുപോയ് :
ഒരുവരുമില്ലീ നാട്ടിൽ മുതലുടയോർ

-(ഗാനോത്സവം) [xxx]

**മതനിഷേധം**

മതങ്ങളെല്ലാം പ്രാരംഭദിശയിൽ മനുഷ്യനന്മയെ ഉദ്ദേശിച്ചുള്ളവയായിരുന്നു. സഹജീവിസ്നേഹത്തിലധിഷ്ഠിതമായിരുന്നു അവയുടെ അന്തസ്സത്ത. സ്നേഹവും സഹിഷ്ണുതയും ഏകോദരസഹോദരത്വവും, സമസ്തലോകങ്ങളുടെയും നന്മ കാംക്ഷിക്കലുമെല്ലാം മതങ്ങളുടെ ലക്ഷ്യം തന്നെയായിരുന്നു. എല്ലാമതങ്ങളും ഇങ്ങനെയുള്ള ലക്ഷ്യത്തോടെയാണു പ്രവർത്തിച്ചിരുന്നത്.എന്നാൽ, പരസ്പരസ്നേഹത്തോടെയും സഹവർത്തിത്വത്തോടെയും കഴിയാൻ മനുഷ്യനെ പ്രേരിപ്പിച്ചിരുന്ന മതങ്ങൾ, പിൽക്കാലത്ത് മേധാവിത്വത്തിന്റെ സ്വാർത്ഥതാല്പര്യം മൂലം മനുഷ്യനെ തമ്മിലകറ്റുന്ന വിനാശകാരിയായി മാറി. പരസ്പരവൈരത്തിനും ക്രൂരപ്രവർത്തനങ്ങൾക്കും അതു വഴി വച്ചു. ശാസ്ത്രപുരോഗതിയ്ക്ക് അത് പ്രതിബന്ധമായി. സത്യത്തിനു മുഖം തിരിഞ്ഞു നിന്ന ഈ അധഃപതനം വർദ്ധമാനമാകുന്നതു കണ്ടപ്പോ

---

*x* *വയലാർ കൃതികൾ - പുറം - 573*

*xx* *ടി. പുസ്തകം - പുറം - 272*

*xxx* *ടി പുസ്തകം - പുറം - 69*

ഴാണ് മതശക്തികളേയും മതമേധാവിത്വ- പൗരോഹിത്യശക്തികളേയുമെല്ലാം എതിർക്കാൻ വയലാർ തയ്യാറായത്.

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം കവിയെ സ്വാധീനിക്കുന്നതിനു മുമ്പുതന്നെ മതത്തിനും മതമേധാവിത്വ - പൗരോഹിത്യവാഴ്ചകൾക്കുമെതിരെ ശബ്ദമുയർത്താൻ വയലാർ ശ്രമിക്കുന്നതു ആദ്യസമാഹാരമായ 'പാദമുദ്രക'ളിൽ കാണാം :-

'മനുഷ്യരക്തം വാർന്നുകുടിക്കാൻ
കൈവാളുകളേന്തും
മതഭ്രമത്തിൻ പൈശാചികമാം
കൊലക്കളം.

മതം മതം ഹാ ! നിങ്ങൾക്കിനിയും
കാട്ടാളത്തത്തിൻ
മദാന്ധവികൃതികൾ നിർത്തിത്തമ്മിൽ-
പ്പുണരാറായില്ലേ ?'

-(ജീവിതഗായകൻ) x

പൈശാചികത്വത്തിന്റെയും കാട്ടാളത്തത്തിന്റെയും പ്രതീകമായി മതത്തെ കാണുവാനാണു വയലാർ ശ്രമിക്കുന്നത്. മതചിന്തകൾ, മനുഷ്യർ തമ്മിലുള്ള അകലം വർദ്ധിപ്പിക്കുകയേയുള്ളുവെന്നും, അത് നാടിനും നാട്ടാർക്കും വിനാശകരമാണെന്നും കവി അഭിപ്രായപ്പെടുന്നു.

സമഭാവനയെ വലിച്ചിഴച്ചാ
സമരാങ്കണത്തിൽ ബലി കഴിച്ചു.
മരണായുധങ്ങളും കയ്യിലേന്തി
മതമാണിതിലേ കടന്നതിപ്പോൾ

- (ആ സന്ദേശം) xx

പക്ഷേ, വകതിരിവുള്ള പുത്തൻതലമുറ (ജനകീയമുന്നണി) സംഘടിതമായി പ്രതികരിച്ചാൽ ഇതിനെ തകർക്കാനാകും എന്ന് വിശ്വാസം കവിയ്ക്കുണ്ട്.

അഭിമാനപൂർവ്വം തലയുയർത്തി
അനുപദം മുന്നോട്ടു പോക നിങ്ങൾ
മതവുമധികാര ഗർവ്വുമെല്ലാം
മരണമടയുന്ന കാഴ്ച കാണാം.

-(ആ സന്ദേശം) xxx

---

*x* *വയലാർ കൃതികൾ - പുറം - 32*

*xx* *ടി. പുസ്തകം - പുറം. - 42*

*xxx* *ടി പുസ്തകം.- പുറം. - 42*

'കൊന്തയും പൂണൂലും' മുതൽ വയലാറിന്റെ വിപ്ലവബോധം മതത്തിന്റെ ചൂഷണങ്ങൾക്കു നേരേ തീക്ഷ്ണമായി ജ്വലിച്ചു തുടങ്ങുന്നു. മനുഷ്യനെ ഭിന്നിപ്പിക്കാനും മാനസികാകലം സൃഷ്ടിക്കാനും തുനിയുന്ന പുരോഹിതവർഗ്ഗത്തെ അധിക്ഷേപിക്കാൻ ധാരാളം അവസരങ്ങൾ ഒരുക്കുന്നുണ്ട് വയലാർ :-

കാവിയുടുത്താത്മാവിനു പൂണൂലി, - ട്ടിന്നേവരെ
യാവോളം ഗീതയിലെ ശ്ലോകം മൂളി
തേവരക്കിണ്ടിയുമായ് വന്നെത്തും നിങ്ങളിലെ
ചാവാത്ത പിശാചുക്കളെ ഞങ്ങൾ കണ്ടു.

-(കൊന്തയും പൂണൂലും)[x]

'നൂറ്റാണ്ടുകൾ പുഴുകുത്തിയ പട്ടടയിൽ' മാറ്റങ്ങൾക്കെതിർ നിൽക്കുന്ന ഇത്തരം ഛിദ്രശക്തികൾക്ക് നിലനിൽപില്ലെന്നും കവി ഓർമ്മിപ്പിക്കുന്നു :-

അത്ഭുതകരവേഗതയോടൊഴുകുമീ കാലത്തി-
ന്നപ്രതിഹതയാനം തടഞ്ഞുനിർത്താൻ
കഴിയുമോ നിങ്ങൾക്കീ കൊന്തകളാൽ പൂണുനൂ-
ലികളാൽ ? ഹാ നിങ്ങൾ ശുദ്ധാത്മാക്കൾ.

-(കൊന്തയും പൂണൂലും) [xx]

പ്രതിബന്ധങ്ങളെ വകവയ്ക്കാതെയുള്ള ജനകീയമുന്നേറ്റത്തിൽ മതശക്തികൾ തകർന്നുപോകും എന്നും കവി പ്രസ്താവിക്കുന്നു.

'കുതികൊണ്ട മാനവശക്തിയോടൊന്നിച്ചു
മതമോടിയോടിത്തളർന്നുവീണു'

-(കൊന്തയും പൂണൂലും)[xxx]

'വഴിവക്കിൽ വീണ മതത്തിന്റെ കയ്യിലെ
വഴുകയും നാരുമെടുത്തുകൊണ്ടേ,
മനുജസംസ്കാരത്തെക്കുറ്റിയിൽ കെട്ടുവാൻ'

-(കൊന്തയും പൂണൂലും)[x]

പ്രതിലോമശക്തികൾ മുന്നോട്ടു വന്നു. അവരാണ് പുരോഹിതവർഗ്ഗം. പക്ഷേ, ഇതുകൊണ്ടൊന്നും ജനകീയമുന്നേറ്റത്തെ തടയാനാവില്ല.

---

*x* *വയലാർ കൃതികൾ - പുറം - 51-52*

*xx* *ടി പുസ്തകം. പുറം. -52*

*xxx* *ടി. പുസ്തകം - പുറം - 53*

*x* *ടി. പുസ്തകം - പുറം - 53*

'നൂറ്റാണ്ടുകൾ മുമ്പുമുതൽ ഞങ്ങൾതൻ കാലുകളിൽ
പൂട്ടിത്തളച്ചിട്ട ചങ്ങലകൾ
തരിതരിയായ് പൊട്ടിച്ചടർത്തിയിട്ടവയാലി-
ന്നരിവാളുകൾ തീർക്കുകയാണിവിടെ ഞങ്ങൾ.

- (കൊന്തയും പൂണൂലും) [x]

മാറ്റത്തിനു വേണ്ടിയുള്ള ഈ തടസ്സം സൃഷ്ടിക്കാതെ തങ്ങളുടെ അശ്വമേധത്തിന്റെ പൂർത്തീകരണത്തിനു 'വഴിവക്കിൽ നിന്നൊന്നു മാറു' വാൻ കവി പുരോഹിതവർഗ്ഗത്തോട് ആജ്ഞാപിക്കുന്നു.

ശാസ്ത്രം മതത്തിന്റെ ശത്രുവാണെന്നും അതിലൂടെ മനുഷ്യന്റെ ശത്രുവാണെന്നുമുള്ള മിഥ്യാധാരണ എല്ലാക്കാലത്തുമുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ മതപൗരോഹിത്യമാണ് മാനവസമുദായത്തിനു യഥാർത്ഥഭീഷണി.

ജടിലമതത്തിന്റെ മേലുടുപ്പും
ഉടവാളും ചെങ്കോലുമേന്തിയോരെ,
കുതിരകൾ പായുന്ന വേഗമോടെ
കുതികൊണ്ട ഭൗതികതത്വശാസ്ത്രം
അവിടെത്തരിമ്പുമെതിർത്തുപോയാ-
ലവിടേയ്ക്കു നീളുമാ കുറ്റപത്രം.

- (ഗലീലിയോ)[xx]

യാഥാസ്ഥിതികചിന്താപദ്ധതികൾക്കു മുടക്കം വരുത്തുന്ന ദർശനങ്ങളൊന്നും ഉൾക്കൊള്ളാൻ പുരോഹിതവർഗ്ഗം തയ്യാറല്ല. പൗരോഹിത്യത്തിന്റെ കാപട്യങ്ങളേയും മതമേധാവികളുടെ ദൂഷ്യങ്ങളേയും ശക്തമായി കവി അധിക്ഷേപിക്കുമെങ്കിലും, മതപ്രവാചകരായ ക്രിസ്തുവും നബിയും മറ്റും ഇതിൽ കുറ്റക്കാരല്ലെന്നു വയലാറിനറിയാം. അവരുടെ മനുഷ്യസ്നേഹപരമായ ആശയങ്ങളുടെ പേരിൽ കവി അവരെയൊക്കെ ആദരിക്കുന്നുമുണ്ട്. യേശുക്രിസ്തുവിനെ കവി എങ്ങനെയാണു വീക്ഷിക്കുന്നതെന്നു നോക്കുക:-

മതത്തിൻ താടിക്കാർതൻ
    ഭരണച്ചെങ്കോൽ വാങ്ങി
മനുഷ്യസ്നേഹത്തിന്റെ
    കൈകളിൽ സമ്മാനിക്കാൻ
പണ്ടു പാലസ്തീൻ ഗ്രാമ-
    മേഖല തോറും, പ്രേമ-

---

*x* *വയലാർ കൃതികൾ - പുറം - 54*

*xx* *ടി. പുസ്തകം - പുറം- 177*

ത്തിന്റെ ഗാഥയുമായി-
ച്ചെന്ന ജീവിതശില്പി.

-(നാഗസാക്കിയിലെ കുരിശ്) [x]

മതത്തിന്റെ മറവിൽ നടക്കുന്ന കൊള്ളകളും ചൂഷണങ്ങളും നിശ്ശബ്ദനായി നോക്കി കാണാൻ വയലാറിനായില്ല. മതത്തിനു പിന്നിൽ നടമാടുന്ന അന്ധവിശ്വാസങ്ങൾക്കു വേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കേണ്ടിവരുന്ന യുവാവിന്റെ ചിത്രം കാണാം. 'പശയുള്ള വരമ്പ് 'എന്ന കവിതയിൽ.

ചോര നീരാക്കിപ്പണിയെടുക്കുന്ന തൊഴിലാളിയിൽ നിന്ന് മതവിശ്വാസങ്ങളുടെ പേരിൽ പണം പിടുങ്ങുന്ന മർദ്ദകരെ കവി തുറന്നു കാട്ടുന്നു. 'നാലു രൂപാ പന്ത്രണ്ടണ 'എന്ന കവിതയിൽ.

മനപ്പുറമ്പിലെ ദേവിക്കങ്ങനെ
മകരക്കൊയ്ത്തു കഴിഞ്ഞപ്പോൾ
നാലുരൂപാ പന്ത്രണ്ടണയുടെ
നടവരവല്ലോ കൈവന്നു.

- (നാലു രൂപാ പന്ത്രണ്ടണ)[xx]

പൗരോഹിത്യത്തിന്റെ കാപട്യം വെളിവാക്കുന്ന ഒരു കവിതയാണ് 'തപസ്സ്'.

പറഞ്ഞുദൈവം : ''പണ്ടേ തമ്മിൽ-
പ്പിരിഞ്ഞുവല്ലോ നമ്മൾ !
നമ്മുടെയിടയിൽ പുരോഹിതന്മാർ
കന്മതിൽ കെട്ടിയുയർത്തി !
പറഞ്ഞകറ്റീ വൈദികർ നമ്മെ
പല നൂറ്റാണ്ടുകളായി ..............

(തപസ്സ്)[xxx]

പൗരോഹിത്യത്തിന്റെ കാപട്യം വെളിവാക്കുന്ന മറ്റൊരു കവിതയാണ് 'ഇത്താപ്പിരി'. മതബോധത്തിലധിഷ്ഠിതമായ അന്ധവിശ്വാസങ്ങളുടെയും യാഥാസ്ഥിതികമായ അനാചാരങ്ങളുടേയും കാപട്യത്തെ പൊളിച്ചുകാട്ടാൻ വേണ്ടി ശ്രമിക്കുന്നു, 'ഒരു ദൈവം കൂടി' എന്ന കവിതയിൽ.

---

*x — വയലാർ കൃതികൾ - പുറം - 213*

*xx — ടി. പുസ്തകം- പുറം -275*

*xxx — ടി. പുസ്തകം - പുറം - 389*

**<u>മാനവമഹനീയതയുടെ ഉദ്ഘോഷണവും ഈശ്വരനിഷേധവും.</u>**

സൃഷ്ടിസ്ഥിതിസംഹാരകനും ജഗന്നിയന്താവുമാണ് ഈശ്വരൻ എന്ന സങ്കല്പം സ്വീകാര്യമല്ല, മനുഷ്യമഹത്വവാദിയായ വയലാറിന്. അദ്ദേഹത്തെ സംബന്ധിച്ചിട ത്തോളം മനുഷ്യനേക്കാൾ ശക്തനായൊരു ശക്തി ഇല്ല തന്നെ. ലോകത്തെ നയി ക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ചുമതല മറ്റൊരു ശക്തിക്കും വിട്ടുകൊടു ക്കാൻ തയ്യാറല്ല കവി. ഈശ്വരൻ മനുഷ്യൻ തന്നെ എന്നു സ്ഥാപിക്കുക, പരിഹാ സ്യപാത്രമായി ഈശ്വരനെ ചിത്രീകരിക്കുക എന്നീ മാർഗ്ഗങ്ങളാണ് ഈശ്വരനിഷേ ധത്തിനായി വയലാർ അവലംബിച്ചത്.

വൈദഗ്ധ്യമുള്ള കലാകാരൻ (മനുഷ്യൻ) ഈശ്വരനേക്കാൾ ശ്രേഷ്ഠനാണെന്ന അഭിപ്രായമാണ് വയലാറിന്. 'ദേവീവിഗ്രഹ'ത്തിലൂടെ ഇതു വ്യക്തമാക്കുന്നു :-

എൻ കുഞ്ഞുമകളുടെ
യോർമ്മയ്ക്കായ് നിർമ്മിച്ചതാ-
ണങ്ങകലത്താക്കാണും
വിഗ്രഹമൊരിക്കൽ ഞാൻ !

ദൈവമായ് താഴാനുള്ള
തല്ല; - തു മനുഷ്യനു
കൈവരുത്തേണം കലർ -
പ്പില്ലാത്ത കലാബോധം !

കല്ലിന്റെ , മരവിച്ച
കല്ലുകളുടെ, - ശവ -
ക്കല്ലറകളിൽ കലാ -
ബോധത്തെത്തളച്ചാലോ ?

-(ദേവീ വിഗ്രഹം)[x]

മനുഷ്യന്റെ സർഗ്ഗശക്തിയെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്ന പ്രസിദ്ധകവിതയാണ് 'എനിക്കു മരണമില്ല' :-

ഇപ്രപഞ്ചത്തെ, ക്കയ്യിലമ്മാനമാടിക്കൊണ്ടോ-
രത്ഭുതസർഗ്ഗാത്മക ശക്തിയെക്കണ്ടിട്ടില്ലേ ?
ഞാനാണ ; - തജയ്യനാം 'മനുഷ്യൻ' - ചലിക്കുന്നു
ഞാനഹർന്നിശ, -മെന്റെ സന്ദേശം ജയിക്കുന്നു.
മീനുമാമയുമായി, പന്നിയായ്, നൃസിംഹമായ്
ഞാനവതാരം ചെയ്ത കഥകൾ കേട്ടിട്ടില്ലേ ?

---

*x വയലാർ കൃതികൾ - പുറം - 95*

ഈശ്വരനെന്നും മറ്റും പേരെനിക്കുണ്ടായിട്ടു -
ണ്ടീശ്വരൻ ! - ഉറക്കനെച്ചിരിക്കാൻ തോന്നിപ്പോകും !

- (എനിക്കു മരണമില്ല)[x]

കവിയെ സംബന്ധിച്ചിടത്തോളം മനുഷ്യനാണ് യഥാർത്ഥത്തിൽ ജഗന്നിയന്താവ്.

ഞാൻ മിഴിയടയ്ക്കുമ്പോൾ രാവുകൾ ; - പകലുകൾ
ഞാൻ മിഴിതുറക്കുമ്പോളനവഹം വന്നെത്തുന്നു.
ചക്രവാളത്തിൻ മതിൽക്കെട്ടിന്മേൽ കയ്യുംകുത്തി
നിൽക്കും ഞാൻ പ്രപഞ്ചത്തിൻ ഭ്രമണം നിയന്ത്രിക്കാൻ !
ഗോളങ്ങളെടുത്തു ഞാൻ പന്തടിക്കുമ്പോൾ, വിദ്യു-
ന്നാളങ്ങൾ കെടുത്തിയും കത്തിച്ചും രസിക്കുമ്പോൾ
നീരവനീലാകാശമേഖലകളിൽ, നാളെ
താരകേ, നിന്നെക്കൊണ്ടു നർത്തനം ചെയ്യിക്കും ഞാൻ.

- (എനിക്കു മരണമില്ല)[xx]

എന്നിങ്ങനെ മനുഷ്യന്റെ സർഗ്ഗശക്തിയെ നിസ്സങ്കോചം വിളംബരം ചെയ്യുന്നു കവി.

ഈ യുഗത്തിന്റെ സാമൂഹ്യശക്തിഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ !
ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
പച്ച മണ്ണിൻ മനുഷ്യത്വമാണു ഞാൻ

- (അശ്വമേധം)[xxx]

ഞാനീ പ്രപഞ്ചം വളർത്തിടുന്നൂ
ഞാനീ പ്രപഞ്ചം നയിച്ചിടുന്നൂ
സർഗ്ഗലയസ്ഥിതികാരകൻ ഞാൻ
സത്യസ്വരൂപി ഞാൻ ; ഞാൻ മനുഷ്യൻ !

- (ദൈവം വീട്ടിൽ വന്നിരുന്നു)[x]

ഈ വരികളിലൂടെ മനുഷ്യന്റെ നിസ്സീമമായ ബൗദ്ധികശക്തിയെ വെളിവാക്കുകയാണ് വയലാർ. ഈശ്വരന്റെ അധഃപതനത്തെ കവി പരിഹാസരൂപത്തിൽ അവതരിപ്പിക്കുന്നു.

നിന്നെയിന്നെന്താക്കി മാറ്റിയിരിക്കുന്നു -
വെന്നോ, മതങ്ങൾതൻ മാനിഫെസ്റ്റോകളിൽ ?
കുമ്പയും വീർപ്പിച്ചിറങ്ങുമാ സർക്കസ്സു
കമ്പനിക്കാർതൻ വിദൂഷകനായി നീ !
കാവിയുടുക്കുന്ന സന്യാസിവര്യന്റെ

*x* — *വയലാർ കൃതികൾ - പുറം - 164*
*xx* — *ടി. പുസ്തകം - പുറം -165*
*xxx* — *ടി. പുസ്തകം - പുറം -254*
*x* — *ടി. പുസ്കരം -പുറം -195*

കാളേജുഫണ്ടു പിരിവുലിസ്റ്റായി നീ !
കണ്ണുമടച്ചു മനുഷ്യനെക്കൊല്ലുന്ന
കമ്പോളനീതി പ്രചാരകനായി നീ !
മാനവവർഗ്ഗ വിരുദ്ധരാഷ്ട്രീയത്തെ
മാനിച്ചിരുത്തുന്ന കത്തനാരായി നീ !

- (ദൈവം യുഗങ്ങളിലൂടെ)[xx]

''അമ്മ കണ്ടില്ലല്ലോ.....' ഞാൻ പറഞ്ഞു :
''നമ്മൾക്കയാളെപ്പണിക്കു നിർത്താം''
''ആരാണു കുഞ്ഞേ കിഴവനല്ലേ .......?''
''ആരാകിലെന്തമ്മേ, ദൈവമല്ലേ..........?''

-(ദൈവം വീട്ടിൽ വന്നിരുന്നു)[xxx]

യാഥാസ്ഥിതികമായ ഈശ്വരസങ്കല്പത്തിനൊരടിയാണ് 'അഗ്നിപുരാണം' .

അന്നത്തെയീശ്വരനിന്നറിവിൻ തനി -
പ്പൊന്നുരുക്കുന്നിടത്തെത്തുന്ന പൂച്ചയായ്.
അങ്ങാടിയിൽ നിന്നരയണയ്ക്കിന്നു ചെ-
ന്നന്നത്തെ 'യഗ്നിഭഗവാ' നെ വാങ്ങി ഞാൻ.

- (അഗ്നിപുരാണം)[x]

## പ്രത്യയശാസ്ത്രാഭിമുഖ്യം (ചലച്ചിത്ര, നാടകഗാനങ്ങളിൽ)

വയലാറിന്റെ കവിതകളിലെന്നപോലെ നാഗകഗാനങ്ങളിലും ചലച്ചിത്രഗാനങ്ങളിലുമൊക്കെ പ്രത്യയശാസ്ത്രത്തിന്റെ സവിശേഷതകൾ പലതും ഒളിഞ്ഞും തെളിഞ്ഞും കാണാം. വയലാർ രാമവർമ്മ എന്ന കവിയെ മലയാളികൾക്കു പ്രിയങ്കരനാക്കിത്തീർക്കുന്നതിൽ അദ്ദേഹം രചിച്ച ഗാനങ്ങൾ സ്തുത്യർഹമായ പങ്ക് വഹിക്കുന്നു. അർത്ഥസമ്പുഷ്ടവും ആപാതമധുരവുമായ ഗാനങ്ങൾ ഉത്തമകവിതപോലെ തന്നെ സർഗ്ഗാത്മകപ്രതിഭയുടെ സൃഷ്ടിയാണ്. എന്നാലും, കവിതയ്ക്കും സംഗീതത്തിനും തമ്മിൽ അന്തരങ്ങൾ ഇല്ലെന്നില്ല. ഗാനങ്ങളിൽ സംഗീതാംശം ഏറിയിരിക്കും. കവിത അർത്ഥത്തിന്റെയും സംഗീതം ശബ്ദത്തിന്റേയും കലയാണ്. അതുകൊണ്ടു തന്നെ അർത്ഥബോധം സംഗീതാസ്വാദത്തിനു നിർബന്ധമില്ല. നമുക്കറിവില്ലാത്ത ഭാഷകളിലെ പാട്ടുകൾപോലും നമുക്കു രസാനുഭൂതി പകരുന്നത് അതുകൊണ്ടാണ്. മനുഷ്യന്റെ ഉപബോധമനസ്സിൽ കൂടിയിരിക്കുന്ന ജന്മവാസനകളുമായി സംവദിക്കാൻ സംഗീതത്തിനുള്ളത്ര കഴിവ് മറ്റു കലകൾക്കില്ല.

---

xx    *വയലാർ കൃതികൾ പുറം 179*

xxx    *ടി. പുസ്തകം - പുറം 195*

x    *ടി.. പുസ്തകം - പുറം. 407*

കവി എന്ന നിലയിൽ ഇരുപതാംനൂറ്റാണ്ടിന്റെ മദ്ധ്യദശകത്തിൽ തന്നെ പ്രശസ്തനായിത്തീർന്നു വയലാർ. ഈ പ്രശസ്തിയാണ് നാടകഗാനങ്ങളുടെ രചനയ്ക്ക് വയലാറിനെ സഹായിക്കുന്നത്. കെ.പി.എ.സി പോലുള്ള നാടകക്കമ്പനികൾ ജനങ്ങൾക്കിടയിൽ പ്രശസ്തി നേടിവരുന്ന കാലം. ഇവിടുത്തെ സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങളും മോഹങ്ങളും മോഹഭംഗങ്ങളുമൊക്കെ അവതരിപ്പിച്ച് അവർ പ്രശസ്തരായി. അത്തരം സമിതികൾക്കു പാട്ടെഴുതാൻ നിയുക്തനായതിലൂടെ രാമവർമ്മയും ഗാനരചനാരംഗത്ത് പ്രസിദ്ധനായിത്തീർന്നു.

__നാടകഗാനങ്ങൾ__

നാടക ഗാനങ്ങളിൽ പലതും ദശാബ്ദങ്ങൾ പിന്നിട്ടും ഇന്നും സാധാരണക്കാരന്റെ നാവിൻ തുമ്പിൽ തത്തിക്കളിക്കുന്നു. സംഘടനാപ്രവർത്തകവേദികളിലും പാർട്ടിമീറ്റിംഗുകളിലും വയലാറിന്റെ ഗാനങ്ങളിൽ പലതും മുഴങ്ങിക്കേൾക്കാം. ഉദാഹരണത്തിനായി വയലാറിന്റെ നാടകഗാനങ്ങളിൽ ചിലത് ഉദ്ധരിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളു:-

1. നഷ്ടപ്പെടുവാൻ വിലങ്ങുകൾ
കിട്ടാനുള്ളതു പുതിയൊരു നാളേ !
നാളേ ! നല്ലൊരു നാളേ !

- (തുലാഭാരം)

2. ബലികുടീരങ്ങളേ ! ബലികുടീരങ്ങളെ !
സ്മരണകളിരമ്പും രണസ്മാരകങ്ങളേ !
ഇവിടെ ജനകോടികൾ ചാർത്തുന്നൂ നിങ്ങളിൽ
സമരപുളകങ്ങൾ തൻ
സിന്ദൂരമാലകൾ

- (സംഘഗാനം കെ.പി.എ.സി)

3. ചില്ലുമേടിയിലിരുന്നെന്നെ-
കല്ലെറിയല്ലേ !

- (അശ്വമേധം)

4. കൺമുന്നിൽ നിന്നു ചിരിക്കും
കാണാതെ വന്നു കഴുത്തുഞെരിക്കും
മാന്യത നടിച്ചു നടക്കും -നിങ്ങൾ
മനുഷ്യരാണെന്നാരു പറഞ്ഞു

- (അശ്വമേധം)

---

1. *വയലാർകൃതികൾ - ഡി.സി.ബുക്സ് -1995.*
*1 മുതൽ 4 വരെയുള്ള നാടകഗാനങ്ങൾ മുഴുവൻ വയലാർ കൃതികൾ - ഡി.സി.ബുക്സ് - 1995 ൽ നിന്ന്.*

5. തലയ്ക്കുമീതേ ശൂന്യാകാശം
താഴേ മരുഭൂമീ
- (അശ്വമേധം)

6. നഗ്നയാം ഭൂമിക്കു വസ്ത്രം നൽകിയ
നവരാത്രിനക്ഷത്രമേ !
ഇനിയും വരുമെന്നു മതങ്ങൾ പറയുന്ന
മനുഷ്യപുത്രനെ കണ്ടുവോ ?
- (ജീവിതം അവസാനിക്കുന്നില്ല)

7. വയലാർ ! വയലാർ !
വയലാറിതു വയലാർ !
കയറുപിരിക്കും തൊഴിലാളികളുടെ വയലാർ.
- (മാനസപുത്രി)

8. ഈശ്വരനീ നാട്ടിലുണ്ടായിരുന്നെങ്കിൽ
ഇതിലേ വരുമായിരുന്നു
ദുഃഖിതർ നമ്മൾതൻ കണ്ണീരിൽ മുക്കിയ
ഗദ്ഗദം ശ്രദ്ധിക്കുമായിരുന്നു.
- (ജീവിതം അവസാനിക്കുന്നില്ല)

9. മനുഷ്യൻ ! ഹാ ! മനുഷ്യൻ !
മാക്സിം ഗോർക്കിയുടെ
മനോജ്ഞശൈലിയിൽ
മനുഷ്യനുജ്ജ്വലപ്രതിഭാസം
-(ഉദ്യോഗപർവ്വം)

10. യന്ത്രം സുദർശനം ! നമ്മുടെ
മന്ത്രം പരിവർത്തനം - പരിവർത്തനം
പരിവർത്തനം
-(യന്ത്രം സുദർശനം)

11. വിജയം വരെ സമരം
വിപ്ലവകരമൊരു വ്യവസായയുഗം
വിടരും വരെ സമരം !
മനുഷ്യശക്തി മൂലധനം
മാർക്സിസം ഞങ്ങടെ കവചം
- (യന്ത്രം സുദർശനം)

---

*5 മുതൽ 11 വരെയുള്ള നാടകഗാനങ്ങൾ മുഴുവൻ വയലാർ കൃതികൾ*
*- ഡി.സി.ബുക്സ് - 1995 ൽ നിന്ന്.*

12. തൊമ്മനു പോയാൽ തൊപ്പിപ്പാള
പോടാ പോ ! പോടാ പോ !

- (യന്ത്രം സുദർശനം)

13. ഭരതക്ഷേത്രം - ഇത് ഭരതക്ഷേത്രം
ഭഗവാനുള്ളിൽ സത്യാഗ്രഹം

- (യന്ത്രം സുദർശനം)

14. വിപ്ലവം ജയിക്കട്ടെ !
വിശ്വപ്രകൃതിയെ കീഴടക്കും - യുഗ-
വിപ്ലവം ജയിക്കട്ടെ !

- (സംഘഗാനം)

15. ഓണം വന്നിട്ടും ഉണ്ണി പിറന്നിട്ടും
കോരന്നു കുമ്പിളിൽ കഞ്ഞി
പൂരം വന്നിട്ടും പെരുന്നാളു വന്നിട്ടും
കോരന്നു കുമ്പിളിൽ കഞ്ഞി.

- (നാടകഗാനം)

ഇങ്ങനെ എത്രയെത്ര ഗാനങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാട്ടാവുന്നതേയുള്ളൂ.

**സിനിമാഗാനങ്ങൾ**

''1955 നു ശേഷം വയലാറിന്റെ സമയം അധികവും ഗാനരചനയ്ക്കായി വിനിയോഗിക്കപ്പെട്ടു. 1961 നു ശേഷമുള്ള 14 വർഷങ്ങളിൽ കവിതാരംഗത്തു വളരെക്കുറച്ചു മാത്രമേ അദ്ദേഹം വ്യാപരിച്ചുള്ളൂ. കവിതയ്ക്കു നഷ്ടപ്പെട്ടതെന്തോ അത് ഗാനത്തിനു നേട്ടമായിത്തീർന്നു. ഗാനങ്ങളെ അദ്ദേഹം കവിതകളാക്കി മാറ്റി ! ശബ്ദസൗകുമാര്യത്തോടൊപ്പം ആശയസൗന്ദര്യവും അവയിൽ നിറച്ചു. വയലാറിനെ കേരളത്തിലെ ഏറ്റവും ജനപ്രിയനായ കവിയാക്കിയത് ഒരു പക്ഷേ, കവിതകളേക്കാളേറെ അദ്ദേഹത്തിന്റെ ഗാനങ്ങളായിരുന്നു.''○

കവി എന്ന നിലയ്ക്ക് പ്രതിഭയുടെ ഈടുവയ്പായിരുന്നു വയലാർ. അദ്ദേഹത്തിന്റെ ആ വഴിക്കുള്ള കഴിവുകൾ കൈരളിക്കു പൂർണ്ണമായി പ്രയോജനപ്പെടും മുമ്പ് കവിതാരംഗത്തു നിന്ന് സിനിമാരംഗത്തേക്കു ചേക്കേറിയത് ഏറെ വിവാദ

---

*12 മുതൽ 15 വരെയുള്ള നാടകഗാനങ്ങൾ മുഴുവൻ വയലാർ കൃതികൾ - ഡി.സി.ബുക്സ് - 1995 ൽ നിന്ന്.*

○ *എൻ.വി.കൃഷ്ണവാരിയർ - വയലാർകവിതകൾ - അവതാരിക എൻ.ബി.എസ്സ് -പുറം -16*

ങ്ങൾക്കും വിമർശനങ്ങൾക്കും വഴി വെച്ചു.

"കവിത ബഹുജനങ്ങളിൽ എത്തിക്കുന്നതിന് അനന്തസാദ്ധ്യതകൾ വഹിക്കുന്ന ഒരു മാധ്യമമാണ് സിനിമാഗാനങ്ങൾ എന്ന് എനിക്കഭിപ്രായമുണ്ട്. ആ സാധ്യതകൾ ഏറ്റവുമധികം ചൂഷണം ചെയ്തിട്ടുള്ളത് വയലാർ രാമവർമ്മയാണ്."[x] ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും വലിയ ബഹുജനമാധ്യമമായ ചലച്ചിത്രത്തിലൂടെ ഗാനരചനാരംഗത്ത് വയലാർ ലബ്ധപ്രതിഷ്ഠനായിത്തീർന്നു.

പ്രത്യയശാസ്ത്രസ്വാധീനം പ്രകടമാക്കുന്ന സിനിമാഗാനങ്ങളിലെ ഏതാനും വരികൾ ചൂണ്ടിക്കാണിക്കുന്നു.

1. നഷ്ടപ്പെടുവാൻ വിലങ്ങുകൾ
   കിട്ടാനുള്ളതു പുതിയൊരു ലോകം.

   -(തുലാഭാരം)

2. ഈ യുഗം കലിയുഗം
   ഇവിടെയെല്ലാം പൊയ്മുഖം.

   -(വാഴ്‌വേ മായം)

3. ഐക്യമുന്നണി - ഐക്യമുന്നണി
   അലയടിച്ചടിച്ചിരമ്പുമൈക്യമുന്നണി.

   -(നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)

4. സർവ്വരാജ്യത്തൊഴിലാളികളെ
   സംഘടിക്കുവിൻ
   സംഘടിച്ചു സംഘടിച്ചു ശക്തരാകുവിൻ

   -(അനുഭവങ്ങൾ പാളിച്ചകൾ)

5. മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
   മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു.

   -(അച്ചനും ബാപ്പയും)

6. ഒരു മതമൊരു ജാതി - മനുഷ്യർ-
   ക്കൊരു കുലമൊരു ദൈവം.

   -(അച്ചനും ബാപ്പയും)

---

*x സി. അച്ചുതമേനോൻ -കവിയും കാലവും .- പവനൻ*
*അവതാരിക – എൻ.ബി.എസ് , പുറം -12*

7. മരിക്കാൻ ഞങ്ങൾക്കു മനസ്സില്ലാ
കരയാൻ ഞങ്ങൾക്കു മനസ്സില്ലാ

-(നീലക്കണ്ണുകൾ)

8. മുൾക്കിരീടമിതെന്തിനു നല്കീ
സ്വർഗ്ഗസ്ഥനായ പിതാവേ ?

-(ഭാര്യ)

9. എന്തെന്തുമോഹങ്ങളായിരുന്നു
എത്ര കിനാവുകളായിരുന്നു.

-(നിത്യകന്യക)

10. ആകാശത്തിലെ കുരുവികൾ
വിതയ്ക്കുന്നില്ലാ - കൊയ്യുന്നില്ലാ.

-(റബേക്ക)

11. ബലിയല്ലാ-
എനിക്കു വേണ്ടതു ബലിയല്ലാ

-(റബേക്ക)

12. കണ്ണുതുറക്കാത്ത ദൈവങ്ങളേ
കരയാനറിയാത്ത ചിരിക്കാനറിയാത്ത
കളിമൺ പ്രതിമകളേ !

-(അഗ്നിപുത്രി)

13. ഭൂമിയിൽ മോഹങ്ങൾ വിടരുന്നു
ഭൂമിയിൽത്തന്നെ കൊഴിയുന്നു.

-(നാടൻപെണ്ണ്)

14. കൈനിറയേ കൈനിറയേ
സ്വപ്നങ്ങൾ തന്നത്
കടലാസു പൂവുകളായിരുന്നു.

-(ഹോട്ടൽ ഹൈറേഞ്ച്)

15. യുവഹൃദയങ്ങളേ - യുവഹൃദയങ്ങളേ
യുവഹൃദയങ്ങളേ-
യുഗപരിവർത്തനശില്പികളേ

-(വിദ്യാർത്ഥി)

---

*സിനിമാഗാനങ്ങൾ മുഴുവൻ വയലാർകൃതികൾ . ഡി.സി. ബുക്സ് -1995 എന്ന ഗ്രന്ഥത്തിൽ നിന്ന്.*

16. കന്യാകുമാരിയും കാശ്മീരും
ഇന്ത്യൻപൗരന്നൊരുപോലെ.

-(മാ നിഷാദ)

17. വിപ്ലവം ജയിക്കട്ടെ ! വിഗ്രഹങ്ങൾ
തകരട്ടെ !

-(നീലക്കണ്ണുകൾ)

18. യാഗഭൂമി യാഗഭൂമി ഭാരതമിന്നൊരു
യാഗഭൂമി.

-(ലഹരി)

19. രാഷ്ട്രശില്പികൾ ഞങ്ങൾ
രാഷ്ട്രശില്പികൾ

-(ചലനം)

ഇതുപോലുള്ള അനേകം ഗാനങ്ങൾ കഥാസന്ദർഭങ്ങളുമായി ഇണക്കി വിപ്ലവാവേശം ഉദ്ദീപിപ്പിക്കുംവിധം വയലാർ രചിച്ചിട്ടുണ്ട്. ചുരുക്കത്തിൽ തന്റെ കവിതയെ സമത്വസുന്ദരമായ സാമൂഹികവ്യവസ്ഥിതി എന്ന ആദർശതാരകത്തോടു ബന്ധിപ്പിക്കാനുള്ള വ്യഗ്രതയ്ക്കു വിനാശമോ വിലോപമോ വന്നുകൂടാ എന്ന കാര്യത്തിൽ അദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നതായി കാണാം.☑''.

---

☑ *ഡോ. എം. ലീലാവതി - വർണ്ണരാജി*
*ലേഖനം - വയലാർ രാമവർമ്മയുടെ കവിതകൾ, പുറം -351*